# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുമ്പള ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി6/644/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 30/09/2021
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുമ്പള ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി6/644/2021 തീയ്യതി: 30/09/2021

## കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിതൻ ടി. എൻ. | ഡെപ്യൂട്ടി ഡയറക്ടർ | 08-09-2021 | 23-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-09-2021 | 23-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ജയാനന്ദ എച്ച്, (ഓഡിറ്റ് ഓഫീസർ)
വിനീത് കുമാർ കെ.പി (ഓഡിറ്റ് ഓഫീസർ)
രഘുനാഥൻ.കെ (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ബാബു എം. (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ബിന്ദു.വി.വി. (ഓഡിറ്റർ)

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.പുണ്ടരികാക്ഷ കെ.എൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 12-11-2020 | 29-12-2020 |
| താഹിറ യൂസഫ് | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ദിപീഷ് പി.ടി അസി.സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2020 | 06-04-2020 |
| ബിന്ദു.പി.എം | സെക്രട്ടറി | 07-04-2020 | 08-07-2020 |
| ഷിബുകരുൺ .ടി | സെക്രട്ടറി | 09-07-2020 | 10-08-2020 |
| ദിപീഷ് പി.ടി അസി.സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-08-2020 | 26-08-2020 |
| ഷിബുകരുൺ .ടി | സെക്രട്ടറി | 27-08-2020 | 16-09-2020 |
| ദിപീഷ് പി.ടി അസി.സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 17-09-2020 | 19-10-2020 |
| എൻ.എ).ജയരാജന് | സെക്രട്ടറി | 20-10-2020 | 19-01-2021 |
| ദിപീഷ് പി.ടി അസി.സെക്രട്ടറി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 20-01-2021 | 04-02-2021 |
| എൻ.എ).ജയരാജന് | സെക്രട്ടറി | 05-02-2021 | 10-03-2021 |
| പ്രദീപ് കുമാർ, ജൂനിയർ സൂപ്രണ്ട് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-03-2021 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ദിപീഷ് പി.ടി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 28-02-2021 |
| പ്രവീൺ കുമാർ .പി,അക്കൗണ്ടന്റ | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-03-2021 | 31-03-2021 |
| നാണുക്കുട്ടന് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.സക്കിറലി | മെഡിക്കൽ ഓഫീസർ യുനാനി | 01-04-2020 | 31-03-2021 |
| ഡോ.മഹേഷ് | മെഡിക്കൽ | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഓഫീസർ ആയുർവ്വേദം | | |
| ഡോ.സുബ്ബ ഗട്ടി | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2020 | 31-03-2021 |
| രാമചന്ദ്ര ഭട്ട് | പ്രധാനധ്യാപകൻ | 01-04-2020 | 31-03-2021 |
| ജിഷി ആര് | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 14-10-2020 |
| ശരത് മോഹന് | അസിസ്റ്റന്റ് എഞ്ചിനിയർ | 15-10-2020 | 31-03-2021 |
| മണിയമ്മ | ൈഎ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 30-11-2020 |
| രമാദേവി | ൈഎ സി ഡി എസ് സൂപ്പർവൈസർ | 01-12-2020 | 31-03-2021 |
| ആര്യ പി (ബംമ്പ്രാണ സർക്കിൾ) | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശൈലേഷ് (കുമ്പള സർക്കിൾ) | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ജിജോ | ഫിഷരീഷ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| അതുൽ | വെറ്റിനറി സർജ്ജൻ | 01-04-2020 | 31-03-2021 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayananda. H (Audit Officer, On 17-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 1-1 |
| 2 | ബഡ്ജറ്റ് പൂർണ്ണമല്ല.<br>Written By: Jayananda. H (Audit Officer, On 17-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 1-1-1 |
| 3 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.<br>Written By: Jayananda. H (Audit Officer, On 24-09-2021)<br>Last Updated By: Jayananda. H (Audit Officer, On 24-09-2021) | 1-2 |
| 4 | പ്രതിമാസ കണക്കുകൾ പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല<br>Written By: Jayananda. H (Audit Officer, On 24-09-2021)<br>Last Updated By: Jayananda. H (Audit Officer, On 24-09-2021) | 1-2-1 |
| 5 | പ്രയർ പിരീഡ് എക്സ്പെൻസസിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Jayananda. H (Audit Officer, On 24-09-2021)<br>Last Updated By: Jayananda. H (Audit Officer, On 24-09-2021) | 1-2-2 |
| 6 | സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.<br>Written By: Jayananda. H (Audit Officer, On 24-09-2021)<br>Last Updated By: Jayananda. H (Audit Officer, On 24-09-2021) | 1-2-3 |
| 7 | പ്രതിമാസ കണക്കുകൾ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയോടു കൂടി പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിക്കുന്നില്ല.<br>Written By: Jayananda. H (Audit Officer, On 24-09-2021)<br>Last Updated By: Jayananda. H (Audit Officer, On 24-09-2021) | 1-2-4 |
| 8 | പ്രത്യേക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കാത്ത പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ഗ്രാന്റുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.<br>Written By: Jayananda. H (Audit Officer, On 24-09-2021)<br>Last Updated By: Jayananda. H (Audit Officer, On 24-09-2021) | 1-2-5 |
| 9 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത<br>Written By: Jayananda. H (Audit Officer, On 25-09-2021)<br>Last Updated By: Jayananda. H (Audit Officer, On 25-09-2021) | 1-2-6 |
| 10 | സാമ്പത്തിക വിശകലനം<br>Written By: Jayananda. H (Audit Officer, On 17-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 1-3 |
| 11 | ഫണ്ട് വിനിയോഗം<br>Written By: Jayananda. H (Audit Officer, On 16-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 1-4 |
| 12 | പദ്ധതി അവലോകനം<br>Written By: Jayananda. H (Audit Officer, On 16-09-2021)<br>Last Updated By: Jayananda. H (Audit Officer, On 29-09-2021) | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി<br>Written By: Bindu.V.V (Auditor, On 16-09-2021)<br>Last Updated By: Jayananda. H (Audit Officer, On 16-09-2021) | 1-6 |
| 14 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Babu M (Senior Grade Auditor, On 17-09-2021)<br>Last Updated By: Babu M (Senior Grade Auditor, On 17-09-2021) | 1-7 |
| 15 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Bindu.V.V (Auditor, On 16-09-2021) | 1-8 |

| | | |
|---|---|---|
| | Last Updated By: Bindu.V.V (Auditor, On 16-09-2021) | |
| 16 | ആഭ്യന്തര നിയന്ത്രണം<br>Written By: Jayananda. H (Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-09-2021) | 1-9 |
| 17 | മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Jayananda. H (Audit Officer, On 16-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 1-10 |
| 18 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Bindu.V.V (Auditor, On 24-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 1-11 |
| 19 | വാടകയിനത്തിൽ കുടിശ്ശിക<br>Written By: Bindu.V.V (Auditor, On 24-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 29-09-2021) | 1-12 |
| 20 | പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചില്ല.<br>Written By: Bindu.V.V (Auditor, On 24-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 1-13 |
| 21 | കുടുംബാരോഗ്യ കേന്ദ്രങ്ങളിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ -ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: Bindu.V.V (Auditor, On 24-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-09-2021) | 1-14 |
| 22 | മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഉല്ലാസയാത്ര-അപാകത<br>Written By: Raghunadhan. K (Asst. Audit Officer, On 20-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 1-15 |
| 23 | ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹമായ സഹായം നൽകിയില്ല.<br>Written By: Raghunadhan. K (Asst. Audit Officer, On 20-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 1-16 |
| 24 | വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ പദ്ധതി<br>Written By: Raghunadhan. K (Asst. Audit Officer, On 20-09-2021)<br>Last Updated By: Jayananda. H (Audit Officer, On 28-09-2021) | 1-17 |
| 25 | പട്ടികജാതിയിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ പദ്ധതി- നടപ്പാക്കിയതിലെ അപാകതകൾ<br>Written By: Raghunadhan. K (Asst. Audit Officer, On 20-09-2021)<br>Last Updated By: Jayananda. H (Audit Officer, On 28-09-2021) | 1-18 |
| 26 | തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല.<br>Written By: Babu M (Senior Grade Auditor, On 21-09-2021)<br>Last Updated By: Jayananda. H (Audit Officer, On 21-09-2021) | 1-19 |
| 27 | വെള്ളക്കരം -സംയുക്ത പരിശോധന നടത്തിയിട്ടില്ല.<br>Written By: Babu M (Senior Grade Auditor, On 21-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 1-20 |
| 28 | വാഹനലേലം ചെയ്യൽ- നിർദ്ദേശങ്ങൾ തുടർ നടപടി സ്വീകരിച്ചിട്ടില്ല.<br>Written By: Babu M (Senior Grade Auditor, On 21-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 1-21 |
| 29 | 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചതു സംബന്ധിച്ച്<br>Written By: Babu M (Senior Grade Auditor, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 1-22 |
| 30 | കിദൂർ കുണ്ടങ്കാരടുക്ക രാജീവ് ഭവൻ ഹാളിലേക്ക് ജനറേറ്റർ, ലൈറ്റ്, ഫാൻ, സൗണ്ട് സിസ്റ്റം പദ്ധതി- | 1-23 |

| | | |
|---|---|---|
| | നടപ്പാക്കിയതിലെ അപാകതകൾ<br>Written By: Raghunadhan. K (Asst. Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | |
| 31 | ഭവനിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: Babu M (Senior Grade Auditor, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 1-24 |
| 32 | കാർഷികമേഖലയിലെ പദ്ധതി നിർവ്വഹണം-പൊതു അപാകതകൾ<br>Written By: Vineeth Kumar K.P (Audit Officer, On 25-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-09-2021) | 1-25 |
| 33 | പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: Jayananda. H (Audit Officer, On 24-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-09-2021) | 1-26 |
| 34 | പട്ടികജാതി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി<br>Written By: Raghunadhan. K (Asst. Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 1-27 |
| 35 | കുടുംബശ്രീ ഓഫീസ് ഫർണ്ണിച്ചർ വാങ്ങൽ  പദ്ധതി -അപാകതകൾ<br>Written By: Raghunadhan. K (Asst. Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 1-28 |
| 36 | ബാലസഭ  - രേഖകൾ ലഭ്യമാക്കിയില്ല<br>Written By: Raghunadhan. K (Asst. Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 1-29 |
| 37 | പട്ടികജാതി വനിതാ ഗ്രൂപ്പുകൾക്ക് തയ്യൽമെഷീൻ പദ്ധതി<br>Written By: Raghunadhan. K (Asst. Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 1-30 |
| 38 | ചെലവ് രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Raghunadhan. K (Asst. Audit Officer, On 22-09-2021)<br>Last Updated By: Jayananda. H (Audit Officer, On 28-09-2021) | 1-31 |
| 39 | ചെലവ് രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.<br>Written By: Raghunadhan. K (Asst. Audit Officer, On 22-09-2021)<br>Last Updated By: Jayananda. H (Audit Officer, On 28-09-2021) | 1-32 |
| 40 | ഉളുവാറിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ ലൈൻ വലിക്കൽ പദ്ധതി - അപാകതകൾ<br>Written By: Raghunadhan. K (Asst. Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 1-33 |
| 41 | ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, പ്രൊജക്ടർ വാങ്ങൽ  - അപാകതകൾ<br>Written By: Raghunadhan. K (Asst. Audit Officer, On 22-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 1-34 |
| 42 | കരാറുകാർ നിയമാനുസൃത സമയത്തിനുള്ളിൽ കരാർ ചമച്ചില്ല-പിഴ തുക ഈടാക്കാത്തതിനാൽ 11,735/- രൂപ നഷ്ടം<br>Written By: Vineeth Kumar K.P (Audit Officer, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 1-35 |
| 43 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല.<br>Written By: Vineeth Kumar K.P (Audit Officer, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 1-36 |
| 44 | ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തി - ആദായ നികുതി | 1-37 |

| | | |
|---|---|---|
| | ഈടാക്കിയിട്ടില്ല.<br>Written By: Bindu.V.V (Auditor, On 23-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | |
| 45 | അസിസ്റ്റന്റ് എഞ്ചിനീയർ- പ്രോജക്ട് ഫയലുകൾ ലഭ്യമാക്കിയില്ല<br>Written By: Vineeth Kumar K.P (Audit Officer, On 25-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-09-2021) | 1-38 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം<br>Written By: Jayananda. H (Audit Officer, On 16-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayananda. H (Audit Officer, On 17-09-2021)<br>Last Updated By: Jayananda. H (Audit Officer, On 28-09-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം<br>Written By: Jayananda. H (Audit Officer, On 16-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Jayananda. H (Audit Officer, On 16-09-2021)<br>Last Updated By: Jayananda. H (Audit Officer, On 16-09-2021) | 4-4 |
| 5 | വായ്പാ/വായ്പാ തിരിച്ചടവ്<br>Written By: Jayananda. H (Audit Officer, On 16-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Jayananda. H (Audit Officer, On 16-09-2021)<br>Last Updated By: Jayananda. H (Audit Officer, On 16-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jayananda. H (Audit Officer, On 16-09-2021)<br>Last Updated By: Jayananda. H (Audit Officer, On 16-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: Jayananda. H (Audit Officer, On 15-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 28-09-2021) | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jayananda. H (Audit Officer, On 16-09-2021)<br>Last Updated By: Jayananda. H (Audit Officer, On 16-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayananda. H (Audit Officer, On 16-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-09-2021) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jayananda. H (Audit Officer, On 15-09-2021)<br>Last Updated By: T.N.Ajithan (Deputy Director, On 30-09-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് 2020-21 | |
| 3 | റസീറ്റ് ആന്റ് പേമെന്റ് അക്കൗണ്ട് 2020-21 | |

| | |
|---|---|
| 4 | 31.03.2021 ലെ ബാലൻസ് ഷീറ്റ് |

## ഭാഗം -1

### 1-1 ബജറ്റ്.

2020-21വർഷത്തെ ബജറ്റ് അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം, തിയതി | 2/1തീയതി 31-03-2020 | 01/2021 തീയതി 20-02-2021 |
| മുന്നിരിപ്പ് | 64,22,885 | 98,32,842 |
| വരവ് | 24,41,41,558 | 21,91,41,558 |
| ആകെ | 25,05,64,443 | 22,89,74,400 |
| ചെലവ് | 24,74,45,823 | 21,06,35,823 |
| നീക്കിയിരിപ്പ് | 31,18,620 | 1,83,38,577 |

### 1-1-1 ബഡ്ജറ്റ് പൂർണ്ണമല്ല.

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കുള്ള ബഡ്ജറ്റ് മാന്വലിലെ (ജി.ഒ. (ആർ.ടി.)നം. 3291/2016/ ത.സ്വ.ഭ.വ., തീയതി 02.12.2016 ) ഖണ്ഡിക 3.1 പ്രകാരം ബഡ്ജറ്റ് പ്രമാണങ്ങളിൽ താഴെ പറയുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്.

1. ബഡ്ജറ്റ് പ്രസംഗം.
2. ബഡ്ജറ്റ് നോട്സ്.
3. ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ്സും ബഡ്ജറ്റ് ഷെഡ്യൂളുകളും.
4. പെർഫോമൻസ് ബഡ്ജറ്റ്.
5. ജെന്റർ ബഡ്ജറ്റ്.

മേൽ പറഞ്ഞ പ്രാമാണങ്ങളിൽ ബഡ്ജറ്റ് സ്റ്റേറ്റ്മെന്റ്സും ബഡ്ജറ്റ് ഷെഡ്യൂളുകളും ഒഴികെയുള്ള രേഖകൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള 2020-21 വർഷത്തെ ബഡ്ജറ്റ് അപൂർണ്ണമാണ്.

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം വരവുകളുടെ മതിപ്പ് വാസ്തവികമായിരിക്കേണ്ടതാണ്. മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു വ്യതിയാനത്തോടൊപ്പവും വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ തയ്യാറാക്കിയ ബഡ്ജറ്റിൽ ഇവ ഉൾപ്പെടുന്നില്ല.വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ.

കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തി. വാർഷിക ധനകാര്യ പത്രികയിൽ കണ്ടെത്തിയ അപാകതകൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

**1-2-1 പ്രതിമാസ കണക്കുകൾ പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല**

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം സെക്രട്ടറി സമർപ്പിക്കുന്ന പ്രതിമാസ റസീറ്റ് ആൻഡ് പേമെന്റ്സ് അക്കൗണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുകയും ഓഡിറ്റ് ചെയ്യുകയും ചെയ്ത ശേഷം കമ്മിറ്റിയുടെ ശുപാർശയോടു കൂടി തുടർന്നു വരുന്ന പഞ്ചായത്ത് മീറ്റിംഗിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സമർപ്പിക്കേണ്ടതാണ്. ഇത് പാലിക്കപ്പെട്ടില്ല.

**1-2-2 പ്രയർ പിരീഡ് എക്സ്പെൻസസിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല**

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് I-18 ഷെഡ്യൂളിൽ (പ്രയർ പിരീഡ് ഐറ്റംസ്) 280100101-പ്രയർ പിരീഡ് ഇൻകം പ്രോപ്പർട്ടി ടാക്സ് ഓൺ റെസിഡൻഷ്യൽ ബിൽഡിംഗ് എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ₹1,59,515/- ചെലവായി രേഖപ്പെടുത്തിയത് സംബന്ധിച്ച വിശദീകരണവും ആയതിന് ആധാരമായ രേഖയും ഹാജരാക്കിയിട്ടില്ല.

**1-2-3 സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.**

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല.

**1-2-4 പ്രതിമാസ കണക്കുകൾ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശയോടു കൂടി പഞ്ചായത്ത് കമ്മിറ്റിക്ക് സമർപ്പിക്കുന്നില്ല.**

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം സെക്രട്ടറി സമർപ്പിക്കുന്ന പ്രതിമാസ റസീറ്റ് ആൻഡ് പേമെന്റ്സ് അക്കൗണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുകയും ഓഡിറ്റ് ചെയ്യുകയും ചെയ്ത ശേഷം കമ്മിറ്റിയുടെ ശുപാർശയോടു കൂടി തുടർന്നു വരുന്ന പഞ്ചായത്ത് മീറ്റിംഗിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നടപടികൾ സ്വീകരിച്ചിട്ടില്ല.

**1-2-5 പ്രത്യേക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കാത്ത പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ഗ്രാന്റുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.**

പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ബി-4 ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുള്ള NREGA, JOINT VENTURE PROJECTS എന്നിവ ഒഴികെയുള്ള ഗ്രാന്റുകൾക്ക് പ്രത്യേക ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മറ്റ് ഫണ്ടുകളോടൊപ്പം ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള പ്രസ്തുത ബാധ്യതകൾക്ക് തുല്യമായ തുക ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ ഉണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

**1-2-6 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ അപാകത**

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 48,50,402/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 20,50,577/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| | |
|---|---|
| വർഷം | 2020-21 |
| മുന്നിരിപ്പ് | 2,48,16,609.64 |
| വരവ് | 33,23,68,502 |
| ആകെ | 35,71,85,111.64 |
| ചെലവ് | 33,72,18,904 |
| നീക്കിയിരിപ്പ് | 1,99,66,207.64 |

(*) റസീറ്റ് ആന്റ് പേമെന്റ് പട്ടികയിലെ വരവ് തുകയോടൊപ്പം തൊഴിലുറപ്പ് പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറിയ 2,27,11,699 രൂപയും സാമൂഹ്യ ക്ഷേമ പെൻഷൻ ഇനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറിയ 20,02,97,100രൂപയും ഉൾപ്പെടുന്നു.

(#) റസീറ്റ് ആന്റ് പേമെന്റ് പട്ടികയിലെ ചെലവ് തുകയോടൊപ്പം തൊഴിലുറപ്പ് പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറിയ 2,27,11,699 രൂപയും സാമൂഹ്യ ക്ഷേമ പെൻഷൻ ഇനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് കൈമാറിയ 20,02,97,100 രൂപയും ഉൾപ്പെടുന്നു.

## 1-4 ഫണ്ട് വിനിയോഗം

വിവിധ ഫണ്ടുകളുടെ അലോട്ട്മെന്റ്, അവയിൽ നിന്നുള്ള ചെലവ്, വിനിയോഗിക്കാത്ത/ലാപ്സായ തുക എന്നീ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | കുറിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1,73,28,279 | 1,73,28,279 | 1,72,44,514 | 83,765 | സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 2938271രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ 17 ബില്ലുകളിലായി 26,85,832 രൂപയുടെ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്. |
| വികസനഫണ്ട് എസ്.സി.പി. | 0 | 58,88,706 | 58,88,706 | 49,51,842 | 9,36,864 | സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 1,61,294രൂപ അടക്കമുള്ള വരവ് ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇത് കൂടാതെ 2 ബില്ലുകളിലായി 1,99,000 രൂപയുടെ ബില്ലുകൾ ക്യൂ ബിൽ ആയിട്ടുണ്ട്. |
| വികസനഫണ്ട് ടി.എസ്.പി. | 0 | 7,45,000 | 7,45,000 | 0 | 7,45,000 | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,23,23,000 | 1,23,23,000 | 75,84,393 | 47,38,607 | പട്ടികയിലെ ചെലവ് തുക കൂടാതെ ബില്ലുകളിലായി 14,75,733 രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്. |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 68,26,250 | 68,26,250 | 38,06,000 | 30,20,250 | പട്ടികയിലെ ചെലവ് തുക കൂടാതെ ബില്ലുകളിലായി 1,42,000 രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്. |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1,60,90,962 | 1,60,90,962 | 1,03,22,621 | 57,68,341 | പട്ടികയിലെ ചെലവ് തുക കൂടാതെ ബില്ലുകളിലായി 33,90,686 രൂപയുടെ ബില്ലുകൾ ക്യൂ ആയിട്ടുണ്ട്. |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ- | | | | | | |
| മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 14,73,154 | 2,42,38,987 | 2,57,12,141 | 2,49,22,179 | 7,89,962 | |
| സമ്പൂർണ ശുചിത്വ പദ്ധതി | 84,574 | 0 | 84,574 | 0 | 84,574 | |
| ഐ.സി.ഡി.എസ്. | 21,90,158 | 17,18,495 | 39,08,653 | 10,51,450 | 28,57,203 | |
| NPRPD | 7,80,000 | 0 | 7,80,000 | 0 | 7,80,000 | |
| സംസ്ഥാനാവിഷ്കൃത | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| പദ്ധതികൾ- | | | | | | |
| ഖരമാലിന്യ നിർമ്മാർജന ഫണ്ട് | 10,50,000 | 0 | 10,50,000 | 0 | 10,50,000 | |
| ശുചിത്വമിഷൻ ഫണ്ട് | 1,04,733 | 0 | 1,04,733 | 0 | 1,04,733 | |
| തൊഴിലുറപ്പ് പദ്ധതിയിൽ 100 ദിവസം തൊഴിൽ ചെയ്തവർക്കുള്ള ഇൻസെന്റീവ് | 0 | 3,14,000 | 3,14,000 | 3,14,000 | 0 | |

## 1-5 പദ്ധതി അവലോകനം

1) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 459 | 22,78,15,749 | 189 | 8,33,24,353 | 0 | 270 | 41.17 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമനം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2020-21 വർഷ ത്തിൽ നടപ്പാക്കേ ണ്ട പദ്ധതികളുടെ വിവരം | | 2020-21വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 55 | 3,33,37,871 | 15 | 70,56,724 | 21.16 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 311 | 10,59,85,629 | 107 | 3,43,15,449 | 32.37 |
| 3 | കൃഷി ഓഫീസർ | 16 | 1,10,59,597 | 16 | 73,77,284 | 66.70 |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 15 | 4,50,91,010 | 8 | 1,58,39,000 | 35.12 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 1,20,49,594 | 7 | 88,79,196 | 73.68 |
| 6 | വെറ്റനറി സർജ്ജൻ | 12 | 39,75,502 | 11 | 21,88,536 | 55 |
| 7 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 1 | 4,00,000 | 1 | 4,00,000 | 100 |
| 8 | മെഡിക്കൽ ഓഫീസർ – പി.എച്ച്.സി | 9 | 28,87,585 | 6 | 17,92,477 | 62 |
| | മെഡിക്കൽ ഓഫീസർ – യുനാനി | 6 | 16,38,000 | 6 | 12,79,698 | 78.12 |

| | | | | | | |
|---|---|---|---|---|---|---|
| 9 | പ്രധാനാധ്യാപകൻ | 6 | 38,65,000 | 2 | 10,79,370 | 27.92 |
| | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 5 | 30,44,000 | 3 | 5,44,171 | 18 |
| | അസിസ്റ്റന്റ് സെക്രട്ടറി | 13 | 44,81,961 | 7 | 25,72,448 | 57.39 |
| | ആകെ | 459 | 22,78,15,749 | 189 | 8,33,24,353 | 36.57 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 14,73,154 | 15,27,288 | 30,00,442 | 22,10,480 | 7,89,962 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 2,27,11,699 | 2,27,11,699 | 2,27,11,699 | 0 |
| ആകെ | 14,73,154 | 2,42,38,987 | 2,57,12,141 | 2,49,22,179 | 7,89,962 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2020-21 വർഷം 2041 ( തൊഴിൽ ദിനങ്ങൾ) പദ്ധതികളുൾപ്പെടുന്ന 33,61,85,000 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 2,49,16,990 രൂപയുടെ 192 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. തൻ വർഷം വിവിധ പദ്ധതികളിലായി ആകെ 67264 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 314 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 9,83,000 | 51 |
| വിധവാപെൻഷൻ | 3,79,43,500 | 2064 |
| വാർദ്ധക്യകാലപെൻഷൻ | 4,33,55,800 | 2388 |
| വികലാംഗപെൻഷൻ | 11,62,49,000 | 607 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 3,85,800 | 24 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 13,80,000 | 46 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08-09-2021 തീയ്യതിയിൽ 3 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 15,545/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർത്ത പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 1 |
| 3 | ജൂനിയർ സൂപ്രണ്ട് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 3 |
| 6 | ക്ലാർക്ക് | 5 (ഒഴിവ് ഒന്ന്) |
| 7 | ഓഫീസ് അറ്റൻഡന്റ് | 2 |
| 8 | ഫുൾടൈം സ്വീപ്പർ | 4 (ഒഴിവ് 2 എണ്ണം) |
| 9 | ഫുൾടൈം നേഴ്സറി ടീച്ചർ | 1 |
| 10 | പാർടൈം നേഴ്സറി ആയ | 1 |

<u>പേഴ്സണൽ രജിസ്റ്റർ-</u>

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും ആരും തന്നെ അത് സമയബന്ധിതമായി, കൃത്യമായി പരിശോധിക്കുന്നില്ല. തപ്പാലുകൾ തീർപ്പാക്കിയ തിയതി, രേഖപ്പെടുത്തുകയോ ഡിസ്പോസൽ അടയാളപ്പെടുത്തുകയോ ചെയ്യുന്നില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.ഹാജർ പട്ടിക കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

ഗ്രാമ പഞ്ചായത്തിന്റെ ദൈനം ദിന പ്രവർത്തനത്തിനായി പത്തോളം വെബ്സൈറ്റുകളും സ്ഥാപന സോഫ്റ്റ്‌വെയറും ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച് നൽകുമ്പോൾ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച പരാമർശങ്ങളൊന്നും ഇല്ല. ഈ അപാകതൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 18 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13 തവണയും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 10 തവണയും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 14തവണയും ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി 9 തവണയും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2020-2021 സാമ്പത്തിക വർഷം 9 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുന്നുണ്ട്. എന്നാൽ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ കൗണ്ടർസൈൻ ചെയ്യുകയോ മിനിറ്റ്സ് ബുക്ക് ക്ലോസ്സ് ചെയ്യുകയോ ചെയ്തിട്ടില്ല. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൌണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സാംഖ്യ രസീതികൾക്കും റസീറ്റ് ബുക്കുകൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അവയുടെ സ്റ്റോക്ക് കൃത്യമാണ്.

സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൌണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. മാസാന്ത്യ / വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപ്പെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്. ക്ലാർക്കുമാർ സ്വികരിക്കുന്ന പിരിവു തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ പഞ്ചായത്ത് ഫണ്ടിൽ അടവാക്കി വരുന്നുണ്ട്.

വരവിനങ്ങളെല്ലാം ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റ്‌വെയർ മുഖേനയാണ്. ഓരോ വരവിനത്തിലുമുള്ള ഡിമാൻറുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വികരിക്കുകയും ചെയ്തുവരുന്നുണ്ട് . ഗ്രാമ പഞ്ചായത്തിൽ 2020-21 വർഷം പ്രൊക്യൂർമെന്റ് കമ്മിറ്റി 10-08-2020 ഒരു തവണ യോഗം ചേർന്നിട്ടുണ്ട്. കമ്മിറ്റി മിനിറ്റ്സിൽ പർച്ചേസുകളുടെ വിവരങ്ങൾ ചേർത്തിട്ടില്ല. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പിനായി നിരവധി പർച്ചേസുകൾ നടത്തിയിട്ടുണ്ടെങ്കിലും പ്രൊക്യൂർമെന്റ് കമ്മിറ്റികൂടി തീരുമാനം എടുത്തിട്ടില്ല. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

ഗ്രാമപഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ശുപാർശ ചെയ്ത പദ്ധതികളാണ് തൻവർഷം നടപ്പാക്കിയതിൽ കൂടുതലും. വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സു ബുക്കുകൾ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മിനിറ്റ്സ് ബുക്കിൽ യോഗ തീരുമാനങ്ങൾ എഴുതി ചേർത്തിട്ടില്ല. മിനിറ്റ്സ് ബുക്കിന്റെ പേജുകൾ ഒഴിച്ചിട്ട നിലയിലാണ്. നടപ്പപദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച വിലയിരുത്തൽ ചർച്ചകൾ നടത്തിയിട്ടില്ല. മുൻവർഷ പദ്ധതികൾ അവലോകനം നടത്തിയിട്ടില്ല.വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സിൽ കൺവീനർ ഒപ്പുവെക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-10 മറ്റു ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26-07-2021 മുതൽ 28-07-2021 വരെ | 03/21 മുതൽ 06/21 വരെ | 9-9-2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13-04-2018 മുതൽ 23-04-2018 വരെ | 2013-14 മുതൽ 2017-18 വരെ | 07-09-2018 |

1-11 തൊഴിൽ നികുതി - അപാകതകൾ

കുമ്പള ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അർദ്ധവാർഷിക പത്രികകളും പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ കൊടുക്കുന്നു.

ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | കാസറഗോഡ് പബ്ലിക് സെർവന്റ്സ് സോസൈറ്റി, കുമ്പള | ഒന്നും രണ്ടും അർദ്ധവർഷം |
| 2 | ശ്രീകൃഷ്ണ ക്ലിനിക് | രണ്ടാം അർദ്ധവർഷം |
| 3 | ദീപക് ഓട്ടൊമൊബൈൽസ് | ഒന്നും രണ്ടും അർദ്ധവർഷം |
| 4 | വനിത സോസൈറ്റി, കുമ്പള | ഒന്നും രണ്ടും അർദ്ധവർഷം |
| 5 | സി.എച്ച് മുഹമ്മദ് കോയ മെമ്മോറിയൽ സ്കൂൾ | ഒന്നും രണ്ടും അർദ്ധവർഷം |
| 6 | എസ്സാ ഇംഗ്ലീഷ് സെക്കന്ററി സ്കൂൾ | ഒന്നും രണ്ടും അർദ്ധവർഷം |
| 7 | ലിറ്റിൽ ലില്ലി ഇംഗ്ലീഷ് മീഡിയം സ്കൂൾ | ഒന്നും രണ്ടും അർദ്ധവർഷം |
| 8 | വില്ലേജ് ഓഫീസ് ബംബ്രാണ | രണ്ടാം അർദ്ധവർഷം |
| 9 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | രണ്ടാം അർദ്ധവർഷം |
| 10 | വില്ലേജ് ഓഫീസ് കോയിപ്പാടി | രണ്ടാം അർദ്ധവർഷം |
| 11 | ക്യാരി ഫ്രെഷ് സൂപ്പർമാർക്കറ്റ് | ഒന്നും രണ്ടും അർദ്ധവർഷം |
| 12 | അസിസ്റ്റന്റ് രജിസ്ട്രാർ ഓഫ് കോ-ഓപ്പറേറ്റീവ് സോസൊറ്റീസ് | രണ്ടാം അർദ്ധവർഷം |
| 13 | മണിപ്പാൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്പ്യൂട്ടർ എഡ്യുക്കേഷൻ | രണ്ടാം അർദ്ധവർഷം |

| | | |
|---|---|---|
| 14 | ബി.എസ്.എൻ.എൽ, കുമ്പള | ഒന്നും രണ്ടും അർദ്ധവർഷം |
| 15 | കുമ്പള അഗ്രികൾച്ചറിസ്റ്റ് വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് | ഒന്നും രണ്ടും അർദ്ധവർഷം |

കൂടാതെ റീജിയണൽ ഡയറി ലാബിലെ 15 ജീവനക്കാരിൽ 3 ജീവനക്കാരുടെ നികുതി മാത്രമേ ഒടുക്കിയിട്ടുള്ളൂ. ബാക്കി 12 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. പഞ്ചായത്തിലെ 2 വി.ഇ.ഒ മാരുടെയും രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കാനുണ്ട്.

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം അറിയിക്കുകയും ചെയ്യേണ്ടതാണ്.

<u>സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല</u>

2020-21 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അർദ്ധവാർഷിക പത്രികകളും പരിശോധിച്ചപ്പോൾ ചില സ്ഥാപനങ്ങൾ സ്ഥാപന നികുതി അടവാക്കിയതായി കാണുന്നില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|
| 1 | കാസറഗോഡ് കോ-ഓപ്പറേറ്റീവ് ടൗൺ ബാങ്ക് ലിമിറ്റഡ് | ഒന്നും രണ്ടും അർദ്ധവർഷം |
| 2 | സൗത്ത് ഇന്ത്യൻ ബാങ്ക് , മൊഗ്രാൽ | രണ്ടാം അർദ്ധവർഷം |
| 3 | വിജയ ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷം |
| 4 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് , കുമ്പള ബ്രാഞ്ച് | ഒന്നും രണ്ടും അർദ്ധവർഷം |
| 5 | കുമ്പള സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | ഒന്നും രണ്ടും അർദ്ധവർഷം |
| 6 | കുമ്പള അഗ്രികൾച്ചറിസ്റ്റ് വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് | ഒന്നും രണ്ടും അർദ്ധവർഷം |
| 7 | കാസറഗോഡ് പബ്ലിക് സെർവന്റ്സ് സോസൈറ്റി, കുമ്പള | ഒന്നും രണ്ടും അർദ്ധവർഷം |

<u>രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തലുകൾ നടത്തുന്നില്ല</u>

2020-21 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററിൽ നികുതി വരവ് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. വരവ് വന്ന മുഴുവൻ തുകയുടെയും വിവരങ്ങൾ രേഖപ്പെടുത്തി രജിസ്റ്റർ പൂർണമാക്കേണ്ടതാണ്.

<u>സംഗ്രഹം എഴുതിയിട്ടില്ല</u>

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ഓരോ വർഷത്തെയും രേഖപ്പെടുത്തലിനു ശേഷം അതാത് വർഷത്തെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ അടങ്ങിയ സംഗ്രഹം എഴുതേണ്ടതുണ്ട് . എന്നാൽ 2020-21 വർഷത്തിൽ സംഗ്രഹം എഴുതിയിട്ടില്ല. സംഗ്രഹം എഴുതാത്തതിനാൽ 2020-21 വർഷത്തെ നികുതി വരവിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-12 വാടകയിനത്തിൽ കുടിശ്ശിക

കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വാടകയിനത്തിൽ കുടിശ്ശികയുള്ളതായി കണ്ടെത്തി. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | റൂം നം. | വാടക ക്കാരന്റെ പേര് | മാസ വാടക | ജി.എസ്.ടി | ആകെ | ഒരു വർഷ ത്തേക്ക് ആകെ വാടക (8847x9) | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|---|---|
| 2 | 23/1345 | അശോക റൈ | 7497 | 1350 | 8847 | 79623 | 0 | 79623 |
| | ആകെ | | | | | | | 79623 |

(കുറിപ്പ് – കോവിഡ് കാരണം 2020-21 വർഷത്തിൽ വാടക അടവാക്കുന്നതിന് പഞ്ചായത്ത് മൂന്ന് (3) മാസത്തെ ഇളവ് നൽകിയിട്ടുണ്ട്. അതിനാൽ 9 മാസത്തെ വാടക മാത്രമാണ് ഈടാക്കാനുള്ളത് )

അശോക റൈ എന്ന വാടകക്കാരൻ 2019-20 വർഷത്തെ വാടകയും അടവാക്കാനുണ്ട്. ടിയാൾ വാടക അടവാക്കാൻ വിമുഖത കാട്ടുന്നതിനാൽ രണ്ടു വർഷത്തെ വാടക പിഴപ്പലിശയടക്കം ഈടാക്കുന്നതിനായി ടിയാൾക്കെതിരെ റവന്യൂ റിക്കവറി നോട്ടീസ് പുറപ്പെടുവിച്ചതായി ഓഡിറ്റ് എൻക്വയറി (എൻക്വയറി നം. 16/20.09.21) ക്കുള്ള മറുപടിയിൽ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

## 1-13 പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ -സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിച്ചില്ല.

ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ജി.ഒ.(എം.എസ്.) നം.22/2018 ത.സ്വ.ഭ.വ.തിയതി 14.02.2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ (ഖ.7.5.3) പരാമർശിച്ചിട്ടുണ്ട്. ഇതനുസരിച്ച് അലോപ്പതി മരുന്നുകൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നുമാത്രമേ വാങ്ങാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കുമ്പള പഞ്ചായത്തിൽ മെഡിക്കൽ ഓഫീസർ, പി.എച്ച്.സി മുഖേന2020-21 വർഷം നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം 4,31,998/-രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും 39,935/- രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുള്ളത് സ്വകാര്യ മെഡിക്കൽ ഷോപ്പിൽ നിന്നുമാണ്. വിശദവിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നം | ബില്ല് നം /ചെക്ക് നം / തുക | റിമാർക്ക്സ് |
|---|---|---|
| 59/2020-21 – സാന്ത്വന പരിചരണം | 12,003/-രൂപ (ബിൽ നം 10/16.03.21) | 12,003/-രൂപയുടെയും മരുന്നുകൾ വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുമാണ് |
| 163/20-21 – ഡയാലിസിസ് രോഗികൾക്ക് മരുന്ന് വാങ്ങൽ | 2,99,932/- രൂപ (ചെക്ക് നം.5831992/18.03.21) | 2,59,997/- രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുമാണ് 39,935/- രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുള്ളത് Habekkodo |

| | | |
|---|---|---|
| | | Drug House Kasaragod -ൽ നിന്നുമാണ്. |
| 232/20-21 – സാന്ത്വന പരിചരണം (സ്പിൽ ഓവർ) | 60,000/-രൂപ (ബിൽ നം. 2/03.04.20) 99,998/-രൂപ (ബിൽ നം.3/13.05.20) | 1,59,998/-രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുള്ളത് സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നുമാണ് |

മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമാകുന്നില്ലെങ്കിൽ ബന്ധപ്പെട്ട ആശുപത്രി മാനേജിങ്ങ് കമ്മിറ്റിയുടെ ശുപാർശപ്രകാരം അടിയന്തിര സാഹചര്യം മറികടക്കുന്നതിന വേണ്ടി മാത്രം മരുന്ന് വാങ്ങാമെന്ന് സർക്കാർ നിർദ്ദേശമുണ്ടെങ്കിലും (സബ്സിഡി മാർഗ്ഗരേഖ (ഖ.7.5.4)) ഈ നടപടികൾ പാലിക്കാതെ ജില്ലാ മെഡിക്കൽ സ്റ്റോറിൽ മരുന്ന് ലഭ്യമല്ലായെന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ മാത്രം മുഴവൻ മരുന്നുകളും സപ്ലൈകോയിൽ നിന്നും വാങ്ങുകയാണ് ഉണ്ടായത്. കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും മരുന്നുകൾ ലഭ്യമാകുന്നതിൽ കാലതാമസം ഉണ്ടാകുന്നുണ്ടെങ്കിൽ ഇക്കാര്യം ഉചിത മാർഗ്ഗേന സർക്കാരിനെ ധരിപ്പിച്ച് പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ നടപടികൾ സ്വീകരിക്കുന്നതിനുപകരം സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് മരുന്നുകൾ വാങ്ങിയത് ശരിയായ നടപടിക്രമമല്ല. ആയതിന് വിശദീകരണം നല്കേണ്ടതാണ്.

1-14 കുടുംബാരോഗ്യ കേന്ദ്രങ്ങളിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ -ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം. | 65/20-21 |
| പ്രൊജക്ടിന്റെ പേര് | കുടുംബാരോഗ്യ കേന്ദ്രങ്ങളിലേക്ക് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | 3,50,000 |
| ഫണ്ടിനം | തനത് ഫണ്ട് |
| ചെലവ് | 2,97,857/- |
| ചെക്ക് നം. | 5831996 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

ഈ പദ്ധതിയുടെ ആകെ ചെലവ് 2,97,857/- രൂപയാണ്. എന്നാൽ 22,400/-രൂപയുടെ ചെലവു രേഖകൾ മാത്രമാണ് ഹാജരാക്കിയത്. ബാക്കി 2,75,457/- രൂപയുടെ ചെലവു രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി 1/14.09.2021) 2,75,457/- രൂപയുടെ പർച്ചേയ്സ് ഓർഡർ 06.09.2021 ന് നൽകിയതേ ഉള്ളൂ പ്രൊഡക്ട് ഇതുവരെ ലഭിച്ചിട്ടില്ല എന്നും, പി.എച്ച്.സി.യിൽ മാസങ്ങളായി ക്ലാർക്കിന്റെ പൂർണമായ സേവനം ലഭ്യമായിരുന്നില്ല അതാണ് പർച്ചേസ് ഓർഡർ നൽകാൻ താമസം നേരിട്ടത് എന്നുമാണ്. ഇത് അംഗീകരിക്കാവുന്നതല്ല. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കേണ്ടതാണ്. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നതിന വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് രേഖകൾ ഹാജരാക്കുന്നതുവരെ ചെലവു തുകയായ 2,75,457/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-15 മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഉല്ലാസയാത്ര-അപാകത

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

പ്രൊജക്ട് നം.എസ്.0099/19-20

അടങ്കൽ - 1,00,000/- തനത് ഫണ്ട്

ചെലവ് - 1,00,000/-രൂപ

കുമ്പള ഗ്രാമപഞ്ചായത്തിലെ മാനസിക വൈകല്യമുള്ള കുട്ടികളെയും രക്ഷിതാക്കളെയും ഉൾപ്പെടുത്തി ഉല്ലാസയാത്ര സംഘടിപ്പിക്കുന്നതിന് 2019-20 വർഷത്തിൽ രൂപീകരിച്ച പദ്ധതിയാണിത്. നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചെലവ് പത്രിക പ്രകാരം 2019-20 വർഷത്തിൽ ചെലവ് കാണിച്ചിട്ടുണ്ടെങ്കിലും തനത് ഫണ്ടിൽ നിന്നും തുക മാറാൻ ചെക്ക് നല്കിയിരിക്കുന്നത് 2020-21 ൽ 12.6.2021 ലാണ്. മലബാർ പ്ലഷേഴ്സ് (ഇന്ത്യ)പ്രൈവറ്റ് ലിമിറ്റഡ്, പറശ്ശിനിക്കടവ്, കണ്ണൂരിന്റെ കീഴിലുള്ള വിസ്മയ അമ്യൂസ്മെന്റ് പാർക്കിലേക്കാണ് 26.2.2020 തിയ്യതിയിൽ ഉല്ലാസയാത്ര നടത്തിയത്. 38 കുട്ടികളും സ്റ്റാഫ്, രക്ഷിതാക്കൾ എന്നിവർ 41 പേരും കൂടി ആകെ 79 പേരാണ് യാത്രയിൽ പങ്കെടുത്തത്. ഈ പദ്ധതിക്കായി ആകെ 1,00,000/-രൂപ താഴെപ്പറയും പ്രകാരം ചെലവ് നടത്തിയിട്ടുണ്ട്.

1.ട്രഷറി ചെക്ക് നം.2757902/12.6.2020 – 35,280/-രൂപ

| ക്രമ നം. | തുക നൽകിയത് | ബിൽ നമ്പർ/ തിയ്യതി | തുക |
|---|---|---|---|
| 1 | മലബാർ പ്ലഷേഴ്സ് (ഇന്ത്യ)പ്രൈവറ്റ് ലിമിറ്റഡ്, പറശ്ശിനിക്കടവ്- പാർക്ക് എൻട്രി ഫീസ് | വിസ്മയ /എം/ 19-20/തിയ്യതി – 26.2.2020 | 6840.00 |
| 2 | മലബാർ ടൂറിസം ഡെവലപ്പ്മെന്റ് കോ-ഓപ്പറേറ്റിവ് ലിമിറ്റഡ് - ഭക്ഷണം | തിയ്യതി-25.2.2020 | 8940.00 |
| 3 | ഹീറോ ഹോളിഡെയ്സ്, ബന്തിയോട്, ഉപ്പള<br>2 ടൂറിസ്റ്റ് ബസ്സുകൾ - 9500X2 | തിയ്യതി - 14.2.2020 | 19000.00 |
| | | ആകെ | 35280.00 |

2.ട്രഷറി ചെക്ക് നം.2757903/12.6.2020 – 64,720/-രൂപ

1,00,000/- രൂപയിൽ 35,280/-രൂപ ഉല്ലാസയാത്രയുടെ ചെലവ് കഴിച്ച് ബാക്കി തുകയായ 64,720/-രൂപ 57 കുട്ടികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് താഴെപ്പറയും പ്രകാരം കൈമാറിയിട്ടുണ്ട്.

1).25 കുട്ടികൾക്ക് 1136/-രൂപ വീതം - 28400.00

2).32 കുട്ടികൾക്ക് 1135/-രൂപ വീതം - 36320.00

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന കാര്യങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1.ഈ പദ്ധതി 2019-20 ൽ നടപ്പിലാക്കിയതാണ്. 2020 ഫെബ്രുവരി മാസം ഉല്ലാസയാത്ര സംഘടിപ്പിച്ചിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ ചെലവ് പത്രിക പ്രകാരം 2019-20 ൽ തന്നെ 1,00,000/-രൂപ ചെലവ് കാണിച്ചിട്ടുണ്ട്. പക്ഷെ തനത് ഫണ്ടിൽ നിന്നും തുക നൽകിയിരിക്കുന്നത് ട്രഷറി ചെക്ക് പ്രകാരം 12.6.2020 നാണ്. ക്യാഷ് ബുക്ക് പ്രകാരം ചെലവ്

രേഖപ്പെടുത്തിയിരിക്കുന്നത് 12.6.2020 നാണ്. പ്രൊജക്ട് സ്പിൽ ഓവർ ആയി 2020-21 ൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല.

2.ഈ പദ്ധതി ഉല്ലാസയാത്രക്കാണ്, പദ്ധതിമാർഗ്ഗരേഖകൾ പ്രകാരം ഒരു കുട്ടിക്ക് 1000/-രൂപ വരെ പരമാവധി ഉല്ലാസയാത്രക്ക് ചെലവഴിക്കാം. എന്നാൽ ട്രഷറി ചെക്ക് നം.2757903/ 12.6.2020 പ്രകാരമുള്ള 64,720/-രൂപ ഉല്ലാസയാത്രക്ക് ചെലവഴിക്കുന്നതിന് പകരം 57 കുട്ടികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയത് പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമാണ്. 100 ൽ അധികം കുട്ടികൾ പട്ടികയിൽ ഉണ്ട്, അതിൽ 38 കുട്ടികളെയാണ് ഉല്ലാസയാത്രക്ക് കൊണ്ടുപോയത്. ബാക്കി തുക ഉപയോഗിച്ച് കുറച്ച് കുട്ടികൾക്കും കൂടി ഉല്ലാസയാത്ര സംഘടിപ്പിക്കാമായിരുന്നു.

ഓഡിറ്റ് എൻക്വയറി നം.14/15.09.2021 പ്രകാരം ഈ അപാകതകൾ അറിയിച്ചതിന് 17.2.2021 ന് മറുപടി നൽകി. 28500/-രൂപ വരെയുള്ള ആനുകൂല്യങ്ങൾ ഓരോ കുട്ടിക്കും അനുവദിക്കാമെന്നും ആ വർഷം ഫണ്ട് വകയിരുത്താത്തതിനാലാണ് ഇങ്ങനെ ചെയ്തതെന്നുമാണ് മറുപടി നൽകിയത്. ഈ മറുപടി അംഗീകരിക്കുന്നില്ല. കാരണം പ്രൊജക്ട് തയ്യാറാക്കുന്ന സമയത്ത് കൃത്യമായി പഠനം നടത്താത്തതുകൊണ്ടാണ് ആവശ്യത്തിന് ഫണ്ട് വകയിരുത്താത്തത്. ഇക്കാര്യങ്ങൾ പ്രത്യേകം ഖണ്ഡികയായി ചേർത്തിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകതകൾ ഉണ്ടാവാതിരിക്കാൻ ഭരണസമിതിയുടെ ശ്രദ്ധ ഇക്കാര്യത്തിൽ വേണമെന്ന് ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

## 1-16 ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹമായ സഹായം നൽകിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രൊജക്ട് നം,0138/20-21

അടങ്കൽ

1. 9,74,100/-രൂപ - പ്ലാൻ ജനറൽ - ചെലവ് - 9,74,100/-രൂപ

2.9,74,100/-രൂപ - ബ്ലോക്ക് ഷെയർ - ചെലവ് - 4,50,362/-രൂപ

ആകെ അടങ്കൽ - 19,48,200/-രൂപ

ആകെ ചെലവ് - 14,24,462/-രൂപ

പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന പദ്ധതികൾ തയ്യാറാക്കൽ സബ്സിഡി – ധനസഹായം – അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ (സ.ഉ. (കൈ)നം.22/2018/ ത.സ്വ.ഭ.വ. തീയ്യതി 14.02.2018 ഖണ്ഡിക 7.1.6 പ്രകാരം ശാരീരിക – മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്ന സഹായങ്ങൾ പരാമർശിച്ചിട്ടുണ്ട്. ആയത് പ്രകാരം ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസ സ്കോളർഷിപ്പും വാർഷിക ബത്തയും ഉൾപ്പെടെ ഏറ്റവും താഴ്ന്ന ക്ലാസ്സിൽ പഠിക്കുന്നവർക്ക് മിനിമം 5300/- രൂപയും മാനസികവെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് പ്രതി വർഷം 28500/- രൂപയ്ക്ക് വരെയും അർഹതയുണ്ട്.

ഈ മേഖലയെ സംബന്ധിച്ച വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കേണ്ട സ്റ്റാറ്റസ് റിപ്പോർട്ട് ഇല്ലാത്തതിനാൽ എത്ര പേർ പഞ്ചായത്തിൽ ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്നവരായി ഉണ്ട് എന്നതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമായിട്ടില്ല. 2020-21 വർഷം 98 ഗുണഭോക്താക്കൾക്കാണ് നിർവ്വഹണ ഉദ്യോഗസ്ഥ മാനസികവെല്ലുവിളികൾ നേരിടുന്നവർ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിയത്. മാനസികവെല്ലുവിളികൾ നേരിടുന്നവർക്ക് മാത്രം പരമാവധി ഒരുവർഷം 28,000/- രൂപ നിരക്കിൽ ആകെ 28,56,000/- രൂപ സ്കോളർഷിപ്പിന് അർഹതയുണ്ട് എന്നിരിക്കെയാണ് 102 ഗുണഭോക്താക്കൾ വേണ്ടി 14,24,462/- രൂപ മാത്രം അടങ്കലായി പ്രോജക്ട് രൂപീകരിച്ച് നടപ്പാക്കിയത്. തുടർ വർഷങ്ങളിൽ മേഖലയെ സംബന്ധിച്ച കൃത്യമായ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി ആയത് പ്രകാരം ഭിന്നശേഷിയിൽപ്പെട്ട അർഹരായവരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നൽകാൻ കഴിയുന്ന മുഴുവൻ

സഹായങ്ങൾക്കും ആവശ്യമായ ഫണ്ട് വകയിരുത്തി പദ്ധതി നടപ്പാക്കിയതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-17 വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ പദ്ധതി

പ്രൊജക്റ്റ് നം.470/20-21

1.അടങ്കൽ - 5,00,000/- പ്ലാൻ ജനറൽ - ചെലവ് - 5,00,000/-രൂപ

2.അടങ്കൽ - 250/- തനത് ഫണ്ട് - ചെലവ് - ഇല്ല

ബിൽ നം.06/20.5.2020 – 5,00,000/-രൂപ

കുമ്പള ഗ്രാമപഞ്ചായത്ത് പരിധിയിലെ 60 വയസ്സ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകാനുള്ളതാണ് ഈ പദ്ധതി. 2019-20 വർഷത്തിൽ രൂപം കൊടുത്ത പദ്ധതി സ്പിൽ ഓവർ ആയി 2020-21 വർഷത്തിൽ പൂർത്തീകരിക്കുകയായിരുന്നു. ARTCO വഴി നേരിട്ട് വാങ്ങാൻ തീരുമാനിച്ചു. 27.2.2020 ന് മാനേജർ, ARTCO കോഴിക്കോടിന് സപ്ലൈ ഓർഡർ നൽകി. ഇൻവോയ്സ് നം. KKD/480/ തിയ്യതി-28.2.2020 പ്രകാരം സിഡ്കോ 115 കട്ടിലുകൾ വിതരണം ചെയ്തു. ബിൽ നം.06/20.5.2020 പ്രകാരം 5,00,000/- രൂപ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. (അക്കൗണ്ട് നം.67099281397/എസ്.ബി.ഐ.). ഈ പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ താഴെകൊടുക്കുന്നു.

1. ARTCOയിൽ നിന്നും നേരിട്ട് വാങ്ങിയത് പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ അംഗീകാരത്തോടെയാണോ എന്ന് വിശദീകരിക്കേണ്ടതാണ്. ARTCO കട്ടിൽ, വില എന്നിവ ഉൾപ്പെടുന്ന പ്രൊഫോർമ ഇൻവോയ്സ് സമർപ്പിച്ചത്, ഇതിന് പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ അംഗീകാരം നൽകിയത് ഫയലിൽ ലഭ്യമല്ല.

2.കരാർ ഹാജരാക്കിയതിൽ കരാർ നമ്പർ, തിയ്യതി രേഖപ്പെടുത്തിയിട്ടില്ല.

3.തുക നൽകുമ്പോൾ ഉറവിടത്തിൽ നിന്നും 1% ആദായനികുതി, 0.75% SGST, 0.75% CGST എന്നിവ കിഴിവ് നടത്തേണ്ടതാണ്, പക്ഷെ മുഴുവൻ തുകയും നൽകിയിട്ടുണ്ട്.

4.115 കട്ടിലുകൾ വിതരണം ചെയ്തതിനും കൈപ്പറ്റിയതിനും രേഖകൾ ഹാജരാക്കിയിട്ടില്ല. അതുപോലെ ഗുണഭോക്താക്കളുടെ അംഗീകൃത പട്ടിക, അപേക്ഷ ഉൾപ്പെടെയുള്ള അനുബന്ധരേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.05/15.09.2021 പ്രകാരം ഈ അപാകതകൾ അറിയിച്ചതിന് 17.2.2021 ന് മറുപടി നൽകി. മറുപടിയോടൊപ്പം ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ഒപ്പു വച്ച കരാർ ഹാജരാക്കിയിട്ടില്ല. കൂടാതെ ആദായനികുതി,GST എന്നിവ കിഴിവ് നടത്തേണ്ടത് അറിയില്ല എന്നാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നത്. മറുപടി തൃപ്തികരമല്ല. രേഖകളെല്ലാം ഹാജരാക്കേണ്ടതാണ്, ബിൽ തുക നൽകുമ്പോൾ ഈടാക്കാനുള്ള തുകകൾ ഈടാക്കേണ്ടതാണ്. അതുവരെ ചെലവ് തുക 5,00,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-18 പട്ടികജാതിയിൽപ്പെട്ട വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നൽകൽ പദ്ധതി- നടപ്പാക്കിയതിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ-ഐ.സി.ഡി.എസ് സൂപ്പർവൈസർ
പ്രൊജക്റ്റ് നം.00471/20-21

അടങ്കൽ - 2,05,000/-രൂപ (എസ്.സി.പി)

ചെലവ് - 95,697/-രൂപ -

ബിൽ നം.04/20-21/20.5.2020– 95,697/-രൂപ

കുമ്പള ഗ്രാമപഞ്ചായത്ത് പരിധിയിലെ പട്ടികജാതിയിൽപ്പെടുന്ന 60 വയസ്സ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ വാങ്ങി നൽകാനുള്ളതാണ് ഈ പദ്ധതി. 2019-20 വർഷത്തിൽ രൂപം കൊടുത്ത പദ്ധതി സ്പിൽ ഓവർ ആയി 2020-21 വർഷത്തിൽ പൂർത്തീകരിക്കുകയായിരുന്നു. ARTCO വഴി നേരിട്ട് വാങ്ങാൻ തീരുമാനിച്ചു. 27.2.2020 ന് മാനേജർ ARTCO കോഴിക്കോടിന് സപ്ലൈ ഓർഡർ നൽകി. ഇൻവോയ്സ് നം. KKD/661/28.3.2020 പ്രകാരം 17 കട്ടിലുകളും, ഇൻവോയ്സ് നം.KKD/ 662/28.3.2020 പ്രകാരം ARTCO 5 കട്ടിലുകളും അടക്കം ആകെ 22 എണ്ണം വിതരണം ചെയ്തു. ബിൽ നം.04/20-21/20.5.2020 പ്രകാരം 95,697/- രൂപ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. (അക്കൗണ്ട് നം.67099281397/എസ്.ബി.ഐ. ). ഈ പ്രൊജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. ARTCOയിൽ നിന്നും നേരിട്ട് വാങ്ങിയത് പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവയുടെ അംഗീകാരത്തോടെയാണോ എന്ന് വിശദീകരിക്കേണ്ടതാണ്. ARTCO കട്ടിൽ, വില എന്നിവ ഉൾപ്പെടുന്ന പ്രൊഫോർമ ഇൻവോയ്സ് സമർപ്പിച്ചത്, ഇതിന് പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ അംഗീകാരം നൽകിയത് ഫയലിൽ ലഭ്യമല്ല.

2.കരാർ ഹാജരാക്കിയതിൽ കരാർ നമ്പർ, തിയ്യതി രേഖപ്പെടുത്തിയിട്ടില്ല.

3.22 കട്ടിലുകൾ വിതരണം ചെയ്തതിനും കൈപ്പറ്റിയതിനും രേഖകൾ ഹാജരാക്കിയിട്ടില്ല. അതുപോലെ ഗുണഭോക്താക്കളുടെ അംഗീകൃത പട്ടിക, ജാതി സർട്ടിഫിക്കറ്റ്, അപേക്ഷ ഉൾപ്പെടെയുള്ള അനുബന്ധരേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.06/15.09.2021 പ്രകാരം ഈ അപാകതകൾ അറിയിച്ചതിന് 17.2.2021 ന് മറുപടി നൽകി. മറുപടിയോടൊപ്പം ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥൻ ഒപ്പു വച്ച കരാർ ഹാജരാക്കിയിട്ടില്ല. കട്ടിലുകൾ വിതരണം ചെയ്തതിനും കൈപ്പറ്റിയതിനും രേഖകൾ ഹാജരാക്കിയിട്ടില്ല. അതുപോലെ ഗുണഭോക്താക്കളുടെ അംഗീകൃത പട്ടിക, ജാതി സർട്ടിഫിക്കറ്റ്, അപേക്ഷ ഉൾപ്പെടെയുള്ള അനുബന്ധരേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മറുപടി തൃപ്തികരമല്ല. രേഖകളെല്ലാം ഹാജരാക്കേണ്ടതാണ്, അതുവരെ ചെലവ് തുക 95,697/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-19 തെരുവ് വിളക്കുകളുടെ സംയുക്ത പരിശോധന നടത്തിയിട്ടില്ല.

ഗ്രാമപഞ്ചായത്ത്, തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ 2020-21 ൽ 20,11,893 രൂപ കെ.എസ്.ഇ.ബി യിൽ അടച്ചിട്ടുണ്ട്. എന്നാൽ കെ.എസ്.ഇ.ബി യും ഗ്രാമപഞ്ചായത്തും നാളിതുവരെയായും സംയുക്തമായി പരിശോധന നടത്തി ഉപയോഗയോഗ്യമായ തെരുവ് വിളക്കുകൾ എത്ര എണ്ണം ഉണ്ടെന്നും അവയുടെ തരം ഏതൊക്കെ ആണ് എന്നും നിർണ്ണയിച്ചിട്ടില്ല.പ്രവർത്തനക്ഷമമല്ലാത്ത തെരുവ് വിളക്കുകൾക്ക് കൂടി വൈദ്യുതചാർജ് ഒടുക്കേണ്ടി വരുന്ന അവസ്ഥ, ഇത് കാരണം പഞ്ചായത്തിൽ നിലനിൽക്കുന്നു. സംയുക്ത പരിശോധന നടത്തി ഉപയോഗയോഗ്യമായ തെരുവ് വിളക്കുകൾ നിലവിൽ എത്ര എണ്ണമാണ് ഉള്ളത് എന്ന് നിർണയിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകൾ സംബന്ധിച്ച രജിസ്റ്റർ , തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതി രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കേണ്ടതാണ് .(ഓഡിറ്റ് എൻക്വയറി : നമ്പർ : 02/ 2021 തിയ്യതി : 15.09.2021 )

## 1-20 വെള്ളക്കരം -സംയുക്ത പരിശോധന നടത്തിയിട്ടില്ല.

2020-21 സാമ്പത്തിക വർഷത്തിൽ പൊതു ടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ ആകെ 4,06,875/- രൂപ കേരള വാട്ടർ അതോറിറ്റിക്ക് ഒടുക്കിയിട്ടുണ്ട്. (A/C.NO.67129159796 , Executive Engineer , Kerala Water Authority Kasaragod ). 09/2015 മുതൽ ,186 പൊതുടാപ്പുകളുടെ വെള്ളക്കരമാണ് കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കിക്കൊണ്ടിരിക്കുന്നത്. എന്നാൽ പൊതു ടാപ്പുകളുടെ പ്രവർത്തന ക്ഷമത സംബന്ധിച്ച് , ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും നാളിതു വരെയായി സംയുക്ത

പരിശോധന നടത്തിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിട്ടില്ല. അതിനാൽ ഉപയോഗിക്കുന്ന ജലത്തിന് തന്നെയാണ് ചാർജ്ജ് ഒടുക്കുന്നതെന്ന് ഉറപ്പ് വരുത്തുക സാധ്യമല്ല. പൊതു ടാപ്പുകളുടെ എണ്ണം, സ്ഥാനം തുടങ്ങിയ വിവരങ്ങൾ അടങ്ങുന്ന രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിട്ടില്ല. ടാപ്പുകളുടെ എണ്ണം, പ്രവർത്തന ക്ഷമത എന്നീ വിവരങ്ങളുടെ അഭാവത്തിൽ കുടിവെള്ള ടാപ്പുകളുടെ വെള്ളക്കരം ഇനത്തിലെ ചെലവിന്റെ കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല.കുടിവെള്ള ടാപ്പുകളുടെ പൂർണ്ണമായ വിവര ശേഖരണം നടത്തേണ്ടതും , വാട്ടർ അതോറിറ്റി അധികൃതരുമായി സഹകരിച്ച് ടാപ്പുകളുടെ പ്രവർത്തന ക്ഷമത വിലയിരുത്തി പ്രതിമാസ കുടിവെള്ളക്കരത്തിൽ ക്രമീകരണം നടത്തേണ്ടതമാണ്. കുടിവെള്ള പദ്ധതിയുടെ നടത്തിപ്പും സംരക്ഷണവുമായി ബന്ധപ്പെട്ട് 30/05/2009 ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 1275/2009 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ : 03/ 2021 തിയ്യതി : 15.09.2021 )

<u>നിലവിലെ വാട്ടർ ചാർജ്ജ് കുടിശ്ശിക സ്ഥിതി വിവരകണക്ക്</u>

| ക്രമ നമ്പർ | ഇനം | തുക | കുറിപ്പ് |
|---|---|---|---|
| 1 | വാട്ടർ ടാപ്പുകൾ ആകെ | 186 എണ്ണം | 09/2015 മുതൽ |
| 2 | ഒരു വാട്ടർ ടാപ്പിന് പ്രതിവർഷ വാട്ടർചാർജ്ജ് | 5250 രൂപ | 10/2014 മുതൽ |
| 3 | 186വാട്ടർ ടാപ്പുകളുടെ പ്രതിവർഷ വാട്ടർചാർജ്ജ് | 9,76,500 രൂപ | 10/2014 മുതൽ |
| 4 | ഒരു വാട്ടർ ടാപ്പിന് പ്രതിമാസ വാട്ടർചാർജ്ജ് | 437.50 രൂപ | 10/2014 മുതൽ |
| 5 | 186വാട്ടർ ടാപ്പുകളുടെ പ്രതിമാസ വാട്ടർചാർജ്ജ് | 81,375 രൂപ | 10/2014 മുതൽ |
| 6 | 02/2021 വരെ അടക്കാനുള്ള വാട്ടർ ചാർജ്ജ് കുടിശ്ശിക | 1,0017,024 രൂപ | (Demand No 2748/LSG/ A2/ 13 Date.15.02.2021 |
| 7 | 02/2021 വരെ കുടിശ്ശിക പിഴ തുക | 1,96,487 രൂപ | (Demand No 2748/LSG/ A2/13 Date.15.02.2021 |
| 8 | ആകെ കുടിശ്ശിക തുക | 1,02,13,701 രൂപ | (Demand No 2748/LSG/ A2/ 13 Date.15.02.2021 |

1-21 വാഹനലേലം ചെയ്യൽ- നിർദ്ദേശങ്ങൾ തുടർ നടപടി സ്വീകരിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ KL-14 F 8752 നമ്പർ മഹീന്ദ്ര ബൊലേറോ വാഹനം , കാലപ്പഴക്കത്താൽ ലേലം ചെയ്യുന്നതിനായി , PWD MECHANICAL DIVISION ( KOZHIKKODE) എക്സിക്യൂട്ടീവ് എൻജിനീയർ നിർദ്ദേശിച്ചിരുന്നു . PWD MECHANICAL DIVISION ( KOZHIKKODE) എക്സിക്യൂട്ടീവ് എൻജിനീയറുടെ 07.09.2019-ലെ DB-182/19-20 ( U E) 8752 നമ്പർ UNECONOMY CERIFICATE പ്രകാരം , വാഹനത്തിന്റെ കൂടെ കൂടെയുള്ള അറ്റകുറ്റപ്പണികൾ പഞ്ചായത്തിന് സാമ്പത്തികനഷ്ടം വരുത്തിവെയ്ക്കുന്നതായി പരാമർശിച്ചിട്ടുണ്ട് . അതിനാൽ വാഹനം , സ.ഉ. (കൈ) നം. 45/2019 (പൊതു മരാമത്ത് വകുപ്പ്) തിയ്യതി .16.10.2019 , സ.ഉ. (എം.എസ്.) നം.110/76 PW തിയ്യതി. 10.05.1976 എന്നിവ പ്രകാരം ലേലം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് . (ഓഡിറ്റ് എൻക്വയറി നമ്പർ 07/2021 തിയ്യതി 16.09.2021 )

1-22 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചതു സംബന്ധിച്ച്

05.11.2020 ലെ ജി.ഒ (പി)നം 152/2020/ധന പ്രകാരം സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 01.06.2021ലെ ഉത്തരവ് നമ്പർ എസ്.സി 1-4438/2021/ പ്രകാരം ചുവടെ പരാമർശിക്കുന്ന ജീവനക്കാർക്ക് ആകെ 4,44,314/- രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ജീവനക്കാരന്റെ പേര്, തസ്തിക. | ചെക്ക് നമ്പർ തിയ്യതി. | വൗച്ചർ നമ്പർ | ആർജിത അവധി സറണ്ടർ ഇനത്തിൽ അനുവദിച്ച തുക. | ആകെ |
|---|---|---|---|---|---|
| 1 | പ്രവീൺ കുമാർ പി. അക്കൗണ്ടന്റ് | 8850 തിയ്യതി 2/6/2021 | 22100173/ 2.6.2021 | 51,837 | 3,12,496 |
| 2 | ബിനിത .കെ.വി സീനിയർ ക്ലാർക്ക് | 8850 തിയ്യതി 2/6/2021 | 22100173/ 2.6.2021 | 42,513 | |
| 3 | സുമതി.എം.വി സീനിയർ ക്ലാർക്ക് | 8850 തിയ്യതി 2/6/2021 | 22100173/ 2.6.2021 | 42,513 | |
| 4 | സുജിത്.ടി. സീനിയർ ക്ലാർക്ക് | 8850 തിയ്യതി 2/6/2021 | 22100173/ 2.6.2021 | 39,516 | |
| 5 | സന്തോഷ് കുമാർ.കെ. ക്ലാർക്ക് | 8850 തിയ്യതി 2/6/2021 | 22100173/ 2.6.2021 | 44,733 | |
| 6 | അജിത്.ടി. | 8850 | 22100173/ | 34,521 | |

| | | | | | |
|---|---|---|---|---|---|
| | ക്ലാർക്ക് | തിയ്യതി 2/6/2021 | 2.6.2021 | | |
| 7 | ദിവ്യ.സി.കെ. ക്ലാർക്ക് | 8850 തിയ്യതി 2/6/2021 | 22100173 /2.6.2021 | 30,304 | |
| 8 | അഭിജിത്.എം.ആർ. ഓഫീസ് അറ്റൻറൻറ് | 8850 തിയ്യതി 2/6/2021 | 22100173/ 2.6.2021 | 26,559 | |
| 9 | പത്മനാഭ.കെ. F.T.S | 8850 തിയ്യതി 2/6/2021 | 22100174/ 2.6.2021 | 40,515 | |
| 10 | ശാലിനി.കെ. F.T.S | 8850 തിയ്യതി 2/6/2021 | 22100174/ 2.6.2021 | 39,516 | 1,06,590 |
| 11 | മൈമൂന.ടി.എച്ച്. P.T.S | 8850 തിയ്യതി 2/6/2021 | 22100175/ 2.6.2021 | 26,559 | |
| 12 | കാമിന.യു. PART TIME AYA | 8850 തിയ്യതി 2/6/2021 | 22100175/ 2.6.2021 | 9,732 | 9,732 |
| 13 | അനിൽകുമാർ പി. ടെക്നിക്കൽ അസിസ്റ്റൻറ് | 8901 തിയ്യതി 2/6/2021 | 22100176/ 2.6.2021 | 15,496 | 15,496 |
| ആകെ | 4,44,314 രൂപ | | | | |

2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021ലെ കത്ത് നമ്പർ TRY/1850/2021-E1 പ്രകാരം വിവരിച്ചിട്ടുണ്ട്.ഇതു പ്രകാരം ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിച്ചിട്ടില്ല.

26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന പ്രകാരം സർക്കാർ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ ജീവനക്കാരുടെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 01.06.2021 മുതൽ 6 മാസത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

2021-2022 സാമ്പത്തിക വർഷത്തെ ആർജിതാവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിതാവധി സറണ്ടർ അനുവദിച്ചത് സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി : നമ്പർ : 15/ 2021 തിയ്യതി : 22.09.2021 )

<u>1-23 കിദൂർ കുണ്ടങ്കാരടുക്ക രാജീവ് ഭവൻ ഹാളിലേക്ക് ജനറേറ്റർ, ലൈറ്റ്, ഫാൻ, സൗണ്ട് സിസ്റ്റം പദ്ധതി- നടപ്പാക്കിയതിലെ അപാകതകൾ</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊജക്ട് നം.0105/20-21

അടങ്കൽ - 7,00,000/-രൂപ (എസ്.സി.പി)

ചെലവ് - 4,29,750/- രൂപ (എസ്.സി.പി)

ബില്ല് നം.03/2020-21/26.2.2020 – 4,29,750/-രൂപ

കുമ്പള ഗ്രാമപഞ്ചായത്തിലെ കിദൂർ കുണ്ടങ്കാരടുക്ക രാജീവ് ഭവൻ ഹാളിലേക്ക് ജനറേറ്റർ, ലൈറ്റ്, ഫാൻ, സൗണ്ട് സിസ്റ്റം എന്നിവ വാങ്ങി നൽകാനുള്ളതാണ് ഈ പദ്ധതി. 17.10.2020ന് നം.എ.എസ്-1236/20 പ്രകാരം ടെണ്ടർ ക്ഷണിച്ചു. 30.10.2020ന് കെ.വി.അബ്ദുൾ മുനീർ, അസിം ഡിസൈനിംഗ് ഇന്റീരിസേഴ്സ്, ഒളവണ്ണ എന്നവർ സമർപ്പിച്ച ടെണ്ടർ പ്രകാരം പ്രവർത്തി നൽകി. ഇൻവോയ്സ് നം. 259/25.2.2021 പ്രകാരം താഴെപ്പറയുന്ന സാധനങ്ങൾ വിതരണം ചെയ്തു.

1.ജനറേറ്റർ - ഹോണ്ട -7KVA

2.സൗണ്ട് സിസ്റ്റം -ആഹുജ-4 With സൗണ്ട് ബോക്സ് ,അനുബന്ധ സാധനങ്ങൾ

3.ഫാൻ - 4 എണ്ണം

4.50വാട്സ് LED ലൈറ്റ് - 6 എണ്ണം

ആകെ 4,29,750/- രൂപയാണ് ബിൽ തുക. ബിൽ നം.03/2020-21/26.2.2020 പ്രകാരം 4,29,750/- രൂപ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു. അക്കൗണ്ട് നം. 30796368713/ എസ്.ബി.ഐ.

ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1.പ്രവൃത്തി നടത്തുന്നതിന് ടെണ്ടർ ക്ഷണിച്ചതിൽ ലഭിച്ച ടെണ്ടറുകൾ, കുറഞ്ഞ തുക ക്വാട്ട് ചെയ്ത അസിം ഡിസൈനിംഗ് ഇന്റീരിസേഴ്സ്, ഒളവണ്ണ എന്നവർ സമർപ്പിച്ച ടെണ്ടർ പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ അംഗീകരിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2. പദ്ധതി പ്രകാരം സാധനങ്ങൾ നൽകിയ കിദൂർ കുണ്ടങ്കാരടുക്ക രാജീവ് ഭവൻ ഹാൾ പട്ടികജാതി കോളനിയിലാണോ, ഈ ഹാൾ കമ്മ്യൂണിറ്റി ഹാൾ ആണോ എന്ന് വിശദീകരിക്കേണ്ടതാണ്. ഇതിന്റെ ഭാരവാഹികൾ സാധനങ്ങൾ കൈപ്പറ്റിയതിന്റെ രേഖകൾ സാധനങ്ങൾ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കിയതിന്റെ സാക്ഷ്യപത്രം, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. അസിം ഡിസൈനിംഗ് ഇന്റീരിസേഴ്സ്, ഒളവണ്ണ എന്നവർ സമർപ്പിച്ച ടെണ്ടർ പരിശോധന നടത്തിയപ്പോൾ ടെണ്ടർ ഷെഡ്യൂൾ പേജ് 3ൽ 4,29,750/- രൂപയും ഷെഡ്യൂളിനുള്ളിൽ 3,29,750/- രൂപയുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വിശദീകരണം നൽകേണ്ടതാണ്.

4. തുക നൽകുമ്പോൾ ഉറവിടത്തിൽ നിന്നും 1% ആദായനികുതി, 0.75% SGST, 0.75% CGST എന്നിവ ഈടാക്കേണ്ടതാണ്. തുക നൽകിയ ബില്ലിന്റെ പകർപ്പ് ഹാജരാക്കാത്തതിനാൽ കിഴിവ് നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. തുക ഈടാക്കിയിട്ടുണ്ടോ എന്ന് വിശദീകരിക്കേണ്ടതാണ്,

ഓഡിറ്റ് എൻക്വയറി നം.10/20.09.2021 പ്രകാരം ഈ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല.അതിനാൽ ചെലവ് തുക 4,29,750/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-24 ഭവനിർമ്മാണം പൂർത്തീകരിച്ചില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ.

ലൈഫ് ഭവന പദ്ധതി പ്രകാരം നിർമ്മാണമാരംഭിച്ച ചുവടെ ചേർത്ത ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. നിർമ്മാണം പൂർത്തീകരിക്കാത്ത വീടുകൾ

നിലവിലുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് എത്രയും വേഗം പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്തവി ൻെറ പേര് | യൂണിറ്റ് കോസ്റ്റ് | ഇതുവരെ കൈപ്പറ്റിയ തുക | നൽകാൻ ബാക്കിയുള്ള തുക | വീടിൻെറ ഇപ്പോഴത്തെ സ്റ്റേജ് |
|---|---|---|---|---|---|
| 1 | ഗണേശ പ്രസാദ് ആചാരി | 4,00,000 | 3,00,000 | 1,00,000 | മേൽക്കൂര |
| 2 | സുനിതാ രമേശൻ | 4,00,000 | 1,40,000 | 2,60,000 | ലിൻറിൽ |
| 3 | രുഗമിണി സുബ്ബണ്ണ | 4,00,000 | 3,00,000 | 1,00,000 | മേൽക്കൂര |
| 4 | രമേശ് എം.ഷെട്ടി | 4,00,000 | 1,40,000 | 2,60,000 | മേൽക്കൂര |
| 5 | നഫീസ.എ.അഹമ്മദ് | 4,00,000 | 3,00,000 | 1,00,000 | മേൽക്കൂര |
| 6 | പത്മിനി രാജൻ | 4,00,000 | 1,40,000 | 2,60,000 | ലിൻറിൽ |
| 7 | സാമ്പ കൃഷ്ണൻ | 4,00,000 | 1,40,000 | 2,60,000 | ലിൻറിൽ |
| 8 | സെൽവി ഹരീഷ് | 4,00,000 | 1,40,000 | 2,60,000 | ലിൻറിൽ |

മേൽ ഗുണഭോക്താക്കളുടെ വീട് നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-25 കാർഷികമേഖലയിലെ പദ്ധതി നിർവ്വഹണം-പൊതു അപാകതകൾ

2020-21 വർഷത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളിലെ രേഖകളുടെ സൂക്ഷിപ്പിൽ ജി.ഒ.(എം.എസ്) 22/2018 ത.സ്വ.ഭ.വ. തിയ്യതി 14-02-2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗ രേഖയിലെ ഖണ്ഡിക 6.1.6, അതോടൊപ്പമുള്ള കുറിപ്പ് എന്നിവയിൽ പരാമർശിച്ചിട്ടുള്ള ചുവടെ ചേർത്ത നിർദ്ദേശങ്ങൾ പാലിച്ചു കാണുന്നില്ല.

1) സബ്സിഡി മാർഗ്ഗ രേഖയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്താക്കൾ കൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. എന്നാൽ ഇത് സാധൂകരിക്കുന്ന പരിശോധന റിപ്പോർട്ടുകൾ ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. കൂലിച്ചെലവ് നൽകുന്ന സാഹചര്യത്തിൽ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി , കൃഷിച്ചലവ്, അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധനാ സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

2) വ്യക്തിഗത അപേക്ഷകളിൽ വർക്കിംഗ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) നടീൽ, കൊയ്ത്ത് /വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം എന്ന നിർദ്ദേശം പാലിച്ചില്ല.

4) പദ്ധതി നടത്തിപ്പ് സംബന്ധിച്ച് കൃത്യമായ മോണിറ്ററിങ്ങ് നടത്തിയത് സംബന്ധിച്ച രേഖകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് നിർവഹണം പൂർത്തിയാകുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ഒരു പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കേണ്ടതും ഇതിൽ പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ് (2018-19 പദ്ധതി മാർഗരേഖ ഖണ്ഡിക 14.6, 14.7, 14.8 എന്നിവ കാണുക). കൃത്യമായ മോണിറ്ററിംഗ് നടക്കുന്നുണ്ട് എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്.പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

2003ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിരൂപീകരിച്ചിട്ടുണ്ട്. നോർത്ത് മലബാർ ഗ്രാമീൺ ബാങ്ക് കുമ്പള ശാഖയിൽ ഇതിനായ് ഒരു അക്കൗണ്ട് (നം 18158067600) ആരംഭിച്ചിട്ടുണ്ട്. 23-01-2009ന് ആരംഭിച്ച ഈ അക്കൗണ്ടിൽ 3972/- രൂപ മാത്രമാണുള്ളത്. പ്രസിഡന്റിന്റെ ദുരിദാശ്വാസ നിധിയിൽനിന്നും ആർക്കും ഇതുവരെ ധനസഹായവും നൽകിയിട്ടില്ല. പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി ആരംഭിച്ചതല്ലാതെ, ചട്ട പ്രകാരം ചെയ്യേണ്ടതായ മറ്റ് പ്രവർത്തനങ്ങളും ഗ്രാമ പഞ്ചായത്തിൽ നടന്നിട്ടില്ല. ആയതിനാൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-27 പട്ടികജാതി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊജക്ട് നം.124/20-21

അടങ്കൽ - 14,40,000/-രൂപ (എസ്.സി.പി)

ചെലവ് - 14,39,994/- രൂപ (എസ്.സി.പി)

ബിൽ നം.02/2020-21/26.2.2020 – 14,39,994/-രൂപ

കുമ്പള ഗ്രാമപഞ്ചായത്തിലെ പട്ടികജാതി കോളനികളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. അക്രഡിറ്റഡ് ഏജൻസിയായ സ്റ്റീൽ ഇൻഡ്രസ്ട്രിയൽസ് കേരള ലിമിറ്റഡ് (SILK) മുഖാന്തിരമാണ് ഈ പ്രവർത്തി നടത്തിയത്. ഇതിനായി സിൽക്ക് സമർപ്പിച്ച 19.6.2020 തിയ്യതിയിലെ നം. SILK/45/ CO/ QSF/ CD/2020 -21/373 എസ്റ്റിമേറ്റ് 14.8.2020 ലെ ഭരണസമിതി തീരുമാനം നം.21/10 പ്രകാരം അംഗീകരിച്ചു. എഗ്രിമെന്റ് വച്ച് പ്രവർത്തി നടത്തുന്നതിന് അനുമതി നൽകി. 7 മീറ്റർ നീളമുള്ള 80 Watts X 4-LED മിനി മാസ്റ്റ് ലൈറ്റ് 12 എണ്ണം ആണ് സ്ഥാപിക്കുന്നത് . 5.10.2020 ന് കരാർ ഒപ്പു വെച്ചു. നം.CD/20-21/R/169/Dt.20.11.2020 പ്രകാരം 12 മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിച്ച് ആകെ 14,39,994/-രൂപയുടെ ഇൻവോയ്സ് സിൽക്ക് സമർപ്പിച്ചു. വിവിധ വാർഡ് മെമ്പർമാർ സമർപ്പിച്ച സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ തുക സ്ഥാപനത്തിന് കൈമാറി. ബില്ല് നം.02/2020-21/ 26.2.2020 -14,39,994/- രൂപ. GST ഇനത്തിൽ 28,800/- രൂപ കിഴിച്ച് 14,11,194/- രൂപയാണ് നൽകിയത്. (അക്കൗണ്ട് നം.117511011000063/ആന്ധ്രാ ബാങ്ക്).

ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1).12 സ്ഥലങ്ങളിൽ പ്രവർത്തി പൂർത്തീകരിച്ചത് സംബന്ധിച്ച് വൈദ്യുതി ബോർഡ് പരിശോധന നടത്തി പ്രവർത്തനക്ഷമമാണെന്ന് ഉറപ്പാക്കിയ സാക്ഷ്യപത്രം നൽകണമെന്ന് ആവശ്യപ്പെട്ട് 27.1.2021 ന് നം. എസ്.സി-2-8040/2020 പ്രകാരം കത്ത് നൽകിയിട്ടുണ്ട്. സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2).തുക നൽകുമ്പോൾ ഉറവിടത്തിൽ നിന്നും GST ഇനത്തിൽ 28,800/-രൂപ മാത്രമാണ് ഈടാക്കിയത്. 1% ആദായനികുതിയും ഈടാക്കേണ്ടതാണ്. 14,400/- രൂപ ഈടാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.11/20.09.2021 പ്രകാരം ഈ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല.അതിനാൽ ചെലവ് തുക 14,39,994/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-28 കുടുംബശ്രീ ഓഫീസ് ഫർണ്ണിച്ചർ വാങ്ങൽ പദ്ധതി -അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊജക്ട് നം.0169/20-21

അടങ്കൽ - 3,00,000/-രൂപ (തനത് ഫണ്ട്)

ചെലവ് - 2,98,104/-രൂപ

വൗച്ചർ നം.22000675/25.11.2020 – 2,98,104/-രൂപ

കുമ്പള ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ ഓഫീസിലേക്ക് ഫർണ്ണിച്ചർ വാങ്ങാനുള്ളതാണ് ഈ പദ്ധതി. 19.102020 ലെ ഭരണസമിതി തീരുമാനം നം.6(5)/2020 പ്രകാരം അക്രഡിറ്റഡ് ഏജൻസിയായ KADCO യിൽ നിന്ന് താഴെപ്പറയും പ്രകാരം ഫർണ്ണിച്ചർ നേരിട്ട് വാങ്ങുന്നതിന് തീരുമാനിച്ചു.

1ം. എക്സി.ടേബിൾ - 2 എണ്ണം

2).കമ്പ്യൂട്ടർ ടേബിൾ - 1 എണ്ണം

3).അലമാര – 2 എണ്ണം

4).ഫൈബർ ചെയർ - 25എണ്ണം

5).കമ്പ്യൂട്ടർ ചെയർ - 1 എണ്ണം

6).ഹൈബാക്ക് റിവോൾവിംഗ് ചെയർ - 2 എണ്ണം

നം.എസ്.സി2-8040/2019/ തിയ്യതി -11.11.2020 പ്രകാരം മാനേജർ, KADCO കോഴിക്കോടിന് സപ്ലൈ ഓർഡർ നൽകി. ഇൻവോയ്സ് നം. NRO/SALES/350/ തിയ്യതി -10.11.2020 പ്രകാരം KADCO ഫർണ്ണിച്ചർ വിതരണം ചെയ്തു. ആകെ 2,98,104/- രൂപയാണ് ഇൻവോയ്സ് തുക. വൗച്ചർ നം. 22000675/25.11.2020 പ്രകാരം 2,98,104/- രൂപ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് കൈമാറി. (അക്കൗണ്ട് നം.0808201005758/കാനറാ ബാങ്ക്).

ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1).അക്രഡിറ്റഡ് ഏജൻസിയായ KADCO യിൽ നിന്ന് ഫർണ്ണിച്ചർ നേരിട്ട് വാങ്ങുന്നതിന് തീരുമാനിച്ചതനുസരിച്ച് KADCO സമർപ്പിച്ച വിലവിവരം ഉൾപ്പെടുന്ന പ്രഫോർമ ഇൻവോയ്സ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഈ പ്രഫോർമ ഇൻവോയ്സ് അംഗീകരിച്ചിട്ടാണോ സപ്ലൈ ഓർഡർ നൽകിയത് എന്ന് വിശദീകരിക്കേണ്ടതാണ്.

2).ഫർണ്ണിച്ചർ കുടുംബശ്രീക്ക് കൈമാറിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3).തുക നൽകുമ്പോൾ ഉറവിടത്തിൽ നിന്നും 1% ആദായനികുതിയും 0.75% SGST, 0.75% CGST യും ഈടാക്കേണ്ടതാണ്. മുഴുവൻ തുകയും നൽകിയിട്ടുണ്ട്. വിശദീകരണം നൽകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.12/20.09.2021 പ്രകാരം ഈ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 2,98,104/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 ബാലസഭ - രേഖകൾ ലഭ്യമാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊജക്റ്റ് നം.112/20-21

അടങ്കൽ - 50,000/-രൂപ (തനത് ഫണ്ട്)

ചെലവ് - 44,082/-രൂപ

വൗച്ചർ നം.22001054/3.3.2021 – 44,082/-രൂപ

2020-21 വർഷത്തിൽ ബാലസഭാ പദ്ധതി പ്രകാരം ആകെ 44,082/-രൂപ അസി.സെക്രട്ടറി ചെലവഴിച്ചിട്ടുണ്ട്. വൗച്ചർ നം. 22001054/3.3.2021 പ്രകാരം 44,082/- രൂപ ചെലവഴിച്ചതിന് താഴെപ്പറയും പ്രകാരം തുക ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്.

| ക്രമ നം. | തുക നൽകിയവരുടെ പേര് | തുക | ബാങ്ക് അക്കൗണ്ട് നം. |
|---|---|---|---|
| 1 | സുരേശ.കെ | 7300.00 | 37989669542/ SBI |
| | | | |

| | | | |
|---|---|---|---|
| 2 | അബ്ദുൾ മുനീർ.കെ.എം | 32550.00 | 20800100000974/ FED,Bank |
| 3 | ജൂറൈജ്.എം | 1900.00 | 0820053000002658/ Sind.Bank |
| 4 | മാസ്റ്റർ ബുക്ക് ഹൗസ് | 2332.00 | 39737632741/ SBI |
| | ആകെ | 44082.00 | |

മേൽ വിവരിച്ച പ്രകാരമുള്ള ചെലവുകളുടെ ചെലവ് വൗച്ചറുകൾ അനുബന്ധരേഖകൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.13/20.09.2021 പ്രകാരം ഈ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 44,082/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-30 പട്ടികജാതി വനിതാ ഗ്രൂപ്പുകൾക്ക് തയ്യൽമെഷീൻ പദ്ധതി

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രൊജക്ട് നം.120/20-21

അടങ്കൽ - 30,000/-രൂപ (എസ്.സി.പി)

ചെലവ് - 29,990/-രൂപ

ബിൽ നം.04/20-21/27.2.2021 – 29,990/-രൂപ

കുമ്പള ഗ്രാമപഞ്ചായത്തിലെ പട്ടികജാതി വനിതാ ഗ്രൂപ്പുകൾക്ക് തയ്യൽ മെഷീൻ വാങ്ങി നൽകാനുള്ളതാണ് ഈ പദ്ധതി. ടെണ്ടർ വഴിയാണ് പ്രവൃത്തി നടത്തിയത്. കെ.വി.അബ്ദുൾ മുനീർ, അസിം ഡിസൈനിംഗ് ഇന്റീരിയേഴ്സ് ഉളവണ്ണ എന്ന സ്ഥാപനം 30.10.2020 ന് സമർപ്പിച്ച 29,990/- രൂപയുടെ കുറഞ്ഞ ടെണ്ടർ അംഗീകരിച്ചാണ് പ്രവർത്തി നടത്തിയത്. ഇൻവോയ്സ് നം.260/25.2.2021 പ്രകാരം സ്ഥാപനം 3 തയ്യൽ മെഷീനുകൾ വിതരണം ചെയ്തു. ബിൽ നം.04/20-21/27.2.2021 പ്രകാരം 29,990/- രൂപ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു. (അക്കൗണ്ട് നം.30796368713/എസ്.ബി.ഐ). ഈ തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1) ഈ പദ്ധതിക്കായി ലഭിച്ച ടെണ്ടറുകളിൽ നിന്ന് കുറവ് തുക ക്വാട്ട് ചെയ്ത ടെണ്ടർ പ്രൊക്യൂർമെന്റ് കമ്മിറ്റി, ഭരണസമിതി എന്നിവ അംഗീകരിച്ചത്, സപ്ലൈ ഓർഡറിന്റെ പകർപ്പ് എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2) കരാർ ഹാജരാക്കിയിട്ടുണ്ടെങ്കിലും അസി.സെക്രട്ടറി ഒപ്പ് വെച്ചിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

3) ഗുണഭോക്താക്കളെ തെരെഞ്ഞെടുത്ത അംഗീകൃത ഗുണഭോക്തൃപട്ടിക ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4) ഏത് പട്ടികജാതി വനിതാ ഗ്രൂപ്പിനാണ് ഇവ വിതരണം ചെയ്തത് എന്നതിന്റെ രേഖകൾ, അവർ തയ്യൽ മെഷീൻ കൈപ്പറ്റിയതിന്റെ രേഖകൾ, ഗ്രൂപ്പുമായി കരാർ ഒപ്പിട്ടതിന്റെ രേഖകൾ, ഗ്രൂപ്പിന്റെ രജിസ്ട്രേഷൻ സംബന്ധമായ രേഖകൾ, മറ്റ് വിശദവിവരങ്ങൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.14/20.09.2021 പ്രകാരം ഈ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 29,990/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-31 ചെലവ് രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2020-21 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതി സംബന്ധിച്ച

ഫയലുകളോ മറ്റ് അനുബന്ധരേഖകളോ ഒന്നും തന്നെ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 237/2020-210 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ പദ്ധതി | 1,00,000/- രൂപ (എസ്.സി.പി) | 99,000/- രൂപ ബിൽ നം.01/20.6.2020 |
| ആകെ ചെലവ് | | | | 99,000/-രൂപ |

ആകെ 99,000/-രൂപ ചെലവ് നടത്തിയതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വിസിഷൻ നം.03/16.9.2021 നൽകിയിട്ടുണ്ട്. പക്ഷെ രേഖകൾ ഒന്നും തന്നെ ഹാജരാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക 99,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കിയിട്ടില്ലെങ്കിൽ ചെലവ് നടത്തിയിട്ടില്ല എന്ന നിഗമനത്തിൽ ചെലവ് തുക നിരാകരിക്കുന്നതും ചെലവ് തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## 1-32 ചെലവ് രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2020-21 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രൊജക്ടുകളുടെ ഫയലുകളോ മറ്റ് അനുബന്ധരേഖകളോ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 439/2020-21 | കമ്മ്യൂണിറ്റി കിച്ചണിലൂടെ ലഭ്യമാക്കുന്ന സൗജന്യ ഊണിനുള്ള സഹായം | 2,50,000/- രൂപ (തനത് ഫണ്ട്) | 2,31,528/-രൂപ ബിൽ നം.02/14.7.2020 |
| ആകെ ചെലവ് | | | | 2,31,528/-രൂപ |

ആകെ 2,31,528/-രൂപ ചെലവ് നടത്തിയതിന്റെ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് റിക്വിസിഷൻ നം.03/16.9.2021 നൽകിയിട്ടുണ്ട്. പക്ഷെ രേഖകൾ ഒന്നും ഹാജരാക്കിയിട്ടില്ല. അതിനാൽ ചെലവ് തുക 2,31,528/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കിയിട്ടില്ലെങ്കിൽ ചെലവ് നടത്തിയിട്ടില്ല എന്ന നിഗമനത്തിൽ ചെലവ് തുക നിരാകരിക്കുന്നതും ചെലവ് തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

## 1-33 ഉളുവാറിൽ സ്ട്രീറ്റ് ലൈറ്റ് മെയിൻ ലൈൻ വലിക്കൽ പദ്ധതി - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്റ്റ് നം.0071/2020-21

അടങ്കൽ - 8,00,000/-രൂപ (തനത് ഫണ്ട് )

ചെലവ് - 7,72,947/- രൂപ

വൗച്ചർ നം.22000934/05.2.2021 – 7,72,947/- രൂപ

കുമ്പള ഗ്രാമപഞ്ചായത്തിലെ ഉളുവാർ പ്രദേശത്ത് സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കാനുള്ളതാണ് ഈ പദ്ധതി. കേരള സംസ്ഥാന വൈദ്യുതി ബോർഡ് കുമ്പള സെക്ഷനാണ് പ്രവർത്തി നടത്തിയത്. എസ്റ്റിമേറ്റ് തയ്യാറാക്കാൻ ആവശ്യപ്പെട്ട് 24.6.2020 ന് നം.എസ്.സി-2/4147 പ്രകാരം വൈദ്യുതി ബോർഡ് കുമ്പള സെക്ഷന് കത്ത് നൽകി. 15.10.2020 ന് കത്ത് നം.DB/ES KBL/2020-21/Demand Letter/420 പ്രകാരം ഈ പ്രവർത്തിക്ക് ചെലവ് ആകെ 7,72,947/-രൂപ ഒടുക്കണമെന്ന് അസി.എഞ്ചിനീയർ കുമ്പള സെക്ഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. വൗച്ചർ നം.22000934/5.2.2021 പ്രകാരം 7,72,947/- രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡ് കുമ്പള സെക്ഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ നടത്തി. (അക്കൗണ്ട് നം.4206317000041/സിൻഡിക്കേറ്റ് ബാങ്ക്, കുമ്പള).

ഈ പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. പ്രവൃത്തി നടത്തുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡ് കുമ്പള സെക്ഷൻ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2. എസ്റ്റിമേറ്റ് ഭരണസമിതി അംഗീകരിച്ച രേഖകൾ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.08/20.09.2021 പ്രകാരം ഈ അപാകതകൾ അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 7,72,947/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, പ്രൊജക്ടർ വാങ്ങൽ - അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

പ്രൊജക്റ്റ് നം.0449/2020-21

അടങ്കൽ - 1,80,000/-രൂപ (പ്ലാൻ ജനറൽ) + 10,000/-രൂപ (തനത് ഫണ്ട് )

ചെലവ് - 79,594/- രൂപ (പ്ലാൻ ജനറൽ)

ബിൽ നം.30/2020-21/25.3.2021 – 79,594/- രൂപ

കുമ്പള ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ, പ്രൊജക്ടർ എന്നിവ വാങ്ങാനുള്ളതാണ് ഈ പദ്ധതി. അസി.മാനേജർ, കെൽട്രോൺ തിരുവനന്തപുരം സമർപ്പിച്ച ഒരു പ്രഫോർമ ഇൻവോയ്സ് മാത്രമാണ് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളത്. പ്രഫോർമ ഇൻവോയ്സ് നം.22356/ തിയ്യതി-26.2.2021. ട്രഷറി ബിൽ ബുക്കിലെ ബിൽ നം.30/2020-21/25.3.2021 പ്രകാരം 79,594/- രൂപ പിൻവലിച്ചിട്ടുണ്ട്

ഈ പ്രൊജക്റ്റ് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ഫയൽ, ട്രഷറി ബിൽ, ചെലവ് വൗച്ചറുകൾ ഉൾപ്പെടെയുള്ള മുഴുവൻ രേഖകളും ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.09/20.09.2021 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 79,594/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-35 കരാറുകാർ നിയമാനുസൃത സമയത്തിനുള്ളിൽ കരാർ ചമച്ചില്ല-പിഴ തുക ഈടാക്കാത്തതിനാൽ 11,735/- രൂപ നഷ്ടം

കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2009.6 ലെ വ്യവസ്ഥ അനുസരിച്ച് മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ലഭിച്ച കരാറുകാർ സെലക്ഷൻ നോട്ടീസുകളുടെ / ലെറ്റർ ഓഫ് ആക്സപ്റ്റൻസിന്റെ രജിസ്റ്റേർഡ് തപാൽ തിയതി മുതൽ 14 ദിവസങ്ങൾക്കുള്ളിൽ ടെണ്ടറിംഗ് അധികാരിയുമായി കരാർ ചമച്ചിരിക്കേണ്ടതാണ്. എന്നാൽ ഈ 14 ദിവസങ്ങൾക്കുള്ളിൽ കരാർ ചമക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ കരാർ തുകയുടെ 1% പിഴയോടു കൂടി (കുറഞ്ഞത് 1000 രൂപ , കൂടിയത് 25,000 രൂപ) അടുത്ത 10 ദിവസങ്ങൾക്കുള്ളിൽ കരാർ ചമയ്ക്കാവുന്നതാണ്. പിഴ കൂടാതെയുള്ള 14 ദിവസങ്ങൾക്കും പിഴയോടു കൂടി കരാർ വയ്ക്കാവുന്ന 10 ദിവസങ്ങൾക്കും ഉള്ളിൽ കരാർ ചമയ്ക്കാത്ത സാഹചര്യത്തിൽ ടെണ്ടറിംഗ് അധികാരിക്ക് ടെണ്ടർ ക്യാൻസൽ ചെയ്യാവുന്നതും വീഴ്ച വരുത്തിയ കരാറുകാരന്റെ ഇ.എം.ഡി. തുക കണ്ടു കെട്ടാവുന്നതുമാണ്. തൊട്ടടുത്ത നിരക്ക് ക്വാട്ട് ചെയ്ത ബിഡ്ഡറുമായി നെഗോസിയേഷൻ നടത്തി ആ ബിഡ്ഡർ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന്റെ നിരക്കിൽ പ്രവൃത്തി ചെയ്യാൻ സന്നദ്ധനാണെങ്കിൽ അപ്രകാരം ചെയ്യാവുന്നതും അല്ലെങ്കിൽ പ്രവൃത്തി റീടെണ്ടർ ചെയ്ത് നടപ്പിലാക്കാവുന്നതുമാണ്.

എന്നാൽ 2020-21 വർഷം നടപ്പിലാക്കിയ 4 പ്രവൃത്തികളിൽ കരാറുകാർ അസിസ്റ്റന്റ് എഞ്ചിനീയറുമായി കരാറിൽ ഏർപ്പെട്ടിരിക്കുന്നത് സെലക്ഷൻ നോട്ടീസിന്റെ തിയതിക്കു ശേഷം 14 ദിവസങ്ങൾ എന്ന കാലയളവും പിന്നിട്ട് 24 ദിവസങ്ങൾക്കുള്ളിലാണ്. സ്വാഭാവികമായും കരാർ തുകയുടെ 1% പിഴയീടാക്കാതെ ഈ കരാറുകാരുമായി അസിസ്റ്റന്റ് എഞ്ചിനീയർക്ക് നിയമപരമായി കരാറിൽ ഏർപ്പെടാവുന്നതല്ല. എന്നാൽ ഈ കരാറുകാരുമായി കരാറിൽ ഏർപ്പെട്ട് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളതായി കാണുന്നു.

നോട്ടിഫൈ ചെയ്ത 14 ദിവസങ്ങൾക്കു ശേഷമുള്ള കരാറുകൾ ആയതിനാൽ കേരള പൊതുമരാമത്ത് വകുപ്പ് മാന്വലിലെ 2009.6 ലെ വ്യവസ്ഥ അനുസരിച്ചുള്ള പിഴ ഈടാക്കിക്കൊണ്ട് മാത്രമേ കരാറിൽ ഏർപ്പെടാമായിരുന്നുള്ളൂ. ഇപ്രകാരം പിഴ ഈടാക്കാത്തതിനാൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രോജക്ട് നം 0357/20- ബന്നംകുളം -റിഫയ്യ നഗർ വയൽ റോഡ് കോൺക്രീറ്റ്

കരാറുകാരൻ -അസറുദ്ദീൻ.ഇ.എ

കരാർ നമ്പർ- 37/19-20/AE/LSGD/KMBLതിയതി 14-01-2020

ടെണ്ടർ ചെയ്ത പി.എ.സി- 377257/- രൂപ

ഈ പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസിന്റെ തിയതി 24-12-2019 ആണ്. ആയതിനാൽ 7-1-2020 നുള്ളിൽ പിഴയില്ലാതെയും 17-1-2020 നുള്ളിൽ 1% പിഴയോടു കൂടിയും കരാറുകാരന് പ്രവൃത്തിക്കായി കരാർ ചമയ്ക്കാമായിരുന്നു. പ്രവൃത്തിക്കായി കരാർ ഉണ്ടാക്കിയിരിക്കുന്നത് 14-1-2020 നാണ്. കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ നിയമ പ്രകാരമുള്ള പിഴ തുക ഈടാക്കാൻ ബാദ്ധ്യസ്ഥനായിരുന്നു. എന്നാൽ പിഴ തുക ഈടാക്കാതെ കരാറിൽ ഏർപ്പെടുകയാണുണ്ടായത്. പഞ്ചായത്തിന് കരാർ തുകയുടെ 1% ആയ 3772/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

2. പ്രോജക്ട് നം 50/20- ബത്തേരി-മാക്കർ റോഡ് ഇന്റർലോക്ക്

കരാറുകാരൻ- അബ്ദുള്ള കുഞ്ഞി.ബി

കരാർ നമ്പർ- 101/19-20/AE/ LSGD/KMBL തിയതി 20-3-2020

ടെണ്ടർ ചെയ്ത പി.എ.സി- 267639/- രൂപ

ഈ പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസിന്റെ തിയതി 2-3-2020 ആണ്. ആയതിനാൽ 16-03-2020 നുള്ളിൽ പിഴയില്ലാതെയും 26-3-2020 നുള്ളിൽ 1% പിഴയോടു കൂടിയും കരാറുകാരന് പ്രവൃത്തിക്കായി കരാർ ചമയ്ക്കാമായിരുന്നു. പ്രവൃത്തിക്കായി കരാർ ഉണ്ടാക്കിയിരിക്കുന്നത് 20-3-2020 നാണ്. കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ നിയമ പ്രകാരമുള്ള പിഴ തുക ഈടാക്കാൻ ബാദ്ധ്യസ്ഥനായിരുന്നു.

എന്നാൽ പിഴ തുക ഈടാക്കാതെ കരാറിൽ ഏർപ്പെടുകയാണുണ്ടായത്. അത് കൊണ്ട് പഞ്ചായത്തിന് കരാർ തുകയുടെ 1% ആയ 2676/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

3. പ്രോജക്ട് നം 214/20- ഷേഡിക്കാവ് ഗ്രൗണ്ട് ഇംപ്രൂവ്മെന്റ്

കരാറുകാരൻ- അസറുദ്ദീൻ.ഇ.എ

കരാർ നമ്പർ- 99/19-20/AE/ LSGD/KMBL തിയതി 20-03-2020

ടെണ്ടർ ചെയ്ത പി.എ.സി.- 261552/- രൂപ

ഈ പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസിന്റെ തിയതി 27-2-2020 ആണ്. ആയതിനാൽ 12-3-2020 നള്ളിൽ പിഴയില്ലാതെയും 22-3-2020 നള്ളിൽ 1% പിഴയോടു കൂടിയും കരാറുകാരന് പ്രവൃത്തിക്കായി കരാർ ചമയ്ക്കാമായിരുന്നു. എന്നാൽ പ്രവൃത്തിക്കായി കരാർ ഉണ്ടാക്കിയിരിക്കുന്നത് 20-03-2020 നാണ്. കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ നിയമപ്രകാരമുള്ള പിഴ തുക ഈടാക്കാൻ ബാദ്ധ്യസ്ഥനായിരുന്നു. എന്നാൽ പിഴ തുക ഈടാക്കാതെ കരാറിൽ ഏർപ്പെടുകയാണുണ്ടായത്. അത് കൊണ്ട് പഞ്ചായത്തിന് കരാർ തുകയുടെ 1% ആയ 2615/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

4. പ്രോജക്ട് നം 161/20- കുണ്ടങ്കാരട്ക്ക പള്ളത്തരു ന്യൂറോഡ് കോൺക്രീറ്റ്.

കരാറുകാരൻ- അബ്ദുൾഗഫൂർ.കെ.വി

കരാർ നമ്പർ- 19/20-21/AE/LSGD/KMBL തിയതി 19-10-2020

ടെണ്ടർ ചെയ്ത പി.എ.സി- 267221/- രൂപ

ഈ പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസിന്റെ തിയതി 1-10-2020 ആണ്. ആയതിനാൽ 15-10-2020 നള്ളിൽ പിഴയില്ലാതെയും 25-10-2020 നള്ളിൽ 1% പിഴയോടു കൂടിയും കരാറുകാരന് പ്രവൃത്തിക്കായി കരാർ ചമയ്ക്കാമായിരുന്നു.എന്നാൽ പ്രവൃത്തിക്കായി കരാർ ഉണ്ടാക്കിയിരിക്കുന്നത് 19-10-2020 നാണ്. കരാറിൽ ഏർപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ നിയമപ്രകാരമുള്ള പിഴ തുക ഈടാക്കാൻ ബാദ്ധ്യസ്ഥനായിരുന്നു. എന്നാൽ പിഴ തുക ഈടാക്കാതെ കരാറിൽ ഏർപ്പെടുകയാണുണ്ടായത്. അത് കൊണ്ട് പഞ്ചായത്തിന് കരാർ തുകയുടെ 1% ആയ 2672/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

മേൽക്കാണിച്ച പ്രകാരമുള്ള ആകെ നഷ്ടത്തുകയായ 11,735/- രൂപ ബന്ധപ്പെട്ട കരാറുകാരിൽനിന്നോ ഉത്തരവാദിയായ എഞ്ചിനീയറിൽനിന്നോ ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 18, തീയതി 20-09-2021)

1-36 ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടില്ല.

01.11.2017 ലെ സ.ഉ.(അച്ചടി) നം. 87/2017/ത.സ്വ.ഭ.വ. പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പാക്കുന്ന കരാറുകാർക്ക് ജി.എസ്.ടി കോമ്പൻസേഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവായിട്ടുണ്ട്. ഫിനാൻസ് വകുപ്പിന്റെ 01.03.2019 ലെ സർക്കുലർ നമ്പർ 18/2019/ ഫിൻ പ്രകാരം ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിക്കുന്നതിനുള്ള രീതി വിശദമാക്കുകയും ചെയ്തിട്ടുണ്ട്. ഇതനുസരിച്ച് കേരള പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ CE/Admin /PLA /EMP/1014/ (A)/05 നമ്പർ സർക്കുലർ മുഖേന 15.03.2019 മുതൽ നിലവിൽ വന്ന പുതുക്കിയ കോസ്റ്റ് ഇന്റക്സ് അടിസ്ഥാനമാക്കി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയ പ്രവൃത്തികൾക്ക് 2020-21 ൽ ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ചിട്ടുണ്ട്.

01.11.2017 ലെ സ.ഉ. (അച്ചടി) നം. 87/2017/ത.സ്വ.ഭ.വ. ഉത്തരവിന്റെ തുടർ ഉത്തരവായി 29.09,2018 ൽ പുറപ്പെടുവിച്ച ജി.ഒ. (ആർ.ടി)നം.2532/2018/ത.സ്വ.ഭ.വ. ഉത്തരവിൽ ജി.എസ്.ടി. കോമ്പൻസേഷൻ ക്ലെയിം ചെയ്യുന്നതിനായി കരാറുകാർ തയ്യാറാക്കി സമർപ്പിക്കേണ്ട സെൽഫ് ഡിക്ലറേഷന്റെ മാതൃക (Statement Of Final Settlement Of Contract Amount And Declaration By The Contractor) അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

2020-21 ൽ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഈ മാതൃകയിലുള്ള ഡിക്ലറേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ കൈപ്പറ്റിയിട്ടില്ല. ആയതിനാൽ ഈ പ്രവൃത്തികളിൽ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിന്റെ നടപടിക്രമങ്ങൾ പൂർത്തിയായിട്ടില്ല. ജി.എസ്.ടി. കോമ്പൻസേഷൻ കൈപ്പറ്റിയ കരാറുകാരിൽ നിന്നും സെൽഫ് ഡിക്ലറേഷൻ വാങ്ങി പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും തുകയിൽ ക്രമീകരണങ്ങൾ വേണ്ട പക്ഷം അവ നടപ്പിലാക്കേണ്ടതുമാണ്. 2020-21 ൽ ജി.എസ്.ടി. കോമ്പൻസേഷൻ അനുവദിച്ചതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ വിവരങ്ങൾ | അനുവദിച്ച ജി.എസ്.ടി കോമ്പൻസേഷൻ |
|---|---|---|
| 1 | വീരവിട്ടൽ ടെമ്പിൾ റോഡ് കോൺക്രീറ്റ് (പ്രോജക്ട് നം-182/20) | 55716 |
| 2 | പികെ നഗർ പാററോഡ് കോൺക്രീറ്റ് (പ്രോജക്ട് നം-200/20) | 31027 |
| 3 | ഹോളിഫാമിലി കഞ്ചിക്കട്ട റോഡിൽ ഡ്രെയിനേജ്, കവറിംഗ് സ്ലാബ് (പ്രോജക്ട് നം-28/20) | `52449 |
| 4 | നീരോളി എസ് സി കോളനി റോഡ് കോൺക്രീറ്റ് (പ്രോജക്ട് നം-389/20) | 48154 |
| 5 | ഇന്ദുഗിരി കന്യാനപടുപ്പ് റോഡ് കോൺക്രീറ്റ് (പ്രോജക്ട് നം -412/20) | 42622 |
| 6 | ബായിക്കട്ട നൂർ മസ്ജിദ് റോഡ് ഇന്റർലോക്ക് (പ്രോജക്ട് നം -172/20) | 31846 |
| 7 | NHML റോഡ് കോൺക്രീറ്റ് (പ്രോജക്ട് നം -60/20) | 21275 |
| 8 | ആരിക്കാടി കടവത്ത് പാററോഡ് ഡ്രെയിനേജ്, കവറിംഗ് സ്ലാബ്(പ്രോജക്ട് നം- 34/20) | `15809 |
| 9 | ആരിക്കാടി ലക്ഷം വീട് കോളനി റോഡ് ഇംപ്രൂവ്മെന്റ് (പ്രോജക്ട് നം-199/20) | 20065 |
| 10 | അനിൽ കുംബലെ സി.എച്ച്.സി ബന്നംകുളം -റിഫയ്യ നഗർ വയൽ റോഡ് കോൺക്രീറ്റ് (പ്രോജക്ട് നം- 357/20) | 45271 |
| 11 | ബത്തേരി മാക്കൂർ റോഡ് ഇന്റർലോക്ക്(പ്രോജക്ട് നം-50/20) | 32116 |
| 12 | ടിവിഎസ് റോഡ് കോൺക്രീറ്റ് (പ്രോജക്ട് നം.116/20) | 50817 |
| 13 | ദർബാർകട്ടഅംഗൻവാടി നവീകരണം (പ്രോജക്ട് നം.332/21) | 31816 |
| 14 | ഷേഡിക്കാവ് ഗ്രൗണ്ട് ഇംപ്രൂവ്മെന്റ് (പ്രോജക്ട് നം.214/20) | 31386 |
| 15 | റഹമത്ത് നഗർ-ലിങ്ക് റോഡ് കോൺക്രീറ്റ് (പ്രോജക്ട് നം.180/20) | 31963 |
| 16 | താഴെ ആരിക്കാടി ക്രോസ് റോഡ് കോൺക്രീറ്റ് (പ്രോജക്ട് നം.545/20) | 42647 |
| 17 | മാകവില്ല എതിർഭാഗം റോഡ് കോൺക്രീറ്റ് (പ്രോജക്ട് നം.84/20) | 32056 |
| 18 | താഴെ ആരിക്കാടി പള്ളം കുടിവെള്ള പദ്ധതി (പ്രോജക്ട് നം.130/20) | 9328 |
| 19 | ഇച്ചിലമ്പാടി അംഗൻവാടി നവീകരണം (പ്രോജക്ട് നം.327/21) | 13303 |
| 20 | ഇച്ചിലമ്പാടി കൊറങ്കല കല്ലപിലാവ് റോഡ് നവീകരണം 218/20) | 32072 |
| 21 | കുണ്ടരാട്ക്ക പള്ളത്തരു ന്യൂറോഡ് കോൺക്രീറ്റ് (പ്രോജക്ട് നം.161/20) | 32066 |
| 22 | മൊഗ്രാൽ കടപ്പുറം റോഡ് കോൺക്രീറ്റ് (പ്രോജക്ട് നം.417/21) | 32072 |
| 23 | മക്കാലി പള്ളം കിടൂർറോഡ് കോൺക്രീറ്റ് (പ്രോജക്ട് നം.74/21) | 50697 |
| 24 | ഉജാർ കുടിവെള്ളപദ്ധതി (പ്രോജക്ട് നം.134/20) | 44237 |
| 25 | പികെ നഗർ പാറ റോഡ് കോൺക്രീറ്റ് (പ്രോജക്ട് നം. 31/20) | 42780 |

| | | |
|---|---|---|
| 26 | ഉളുവാർ ഓൾഡ് സ്കൂൾ റോഡ് റീടാറിംഗ് (പ്രോജക്റ്റ് നം. 550/21) | 18698 |
| 27 | ചെപ്പിനടക്ക കുടിവെള്ള പദ്ധതി (പ്രോജക്റ്റ് നം.377/20) | 2622 |
| 28 | നാരായണ മംഗല റോഡ് റീടാറിംഗ് (പ്രോജക്റ്റ് നം. 24/20) | 43426 |
| 29 | നാംഗി കടപ്പുറം കുടിവെള്ള പദ്ധതി(പ്രോജക്റ്റ് നം. 375/20) | 10401 |

## 1-37 ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തി - ആദായ നികുതി ഈടാക്കിയിട്ടില്ല.

1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000 രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ (0.75%) തുക (സ്ഥാപനങ്ങളിൽ നിന്നും 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്. എന്നാൽ ചുവടെ ചേർത്ത പ്രവൃത്തികളിൽ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടച്ചിട്ടില്ല. പ്രവൃത്തികളുടെ, സാമഗ്രികൾ വാങ്ങിയ വകയിൽ കരാറുകാരന്റെ അക്കൗണ്ടുകളിലേക്ക് നിക്ഷേപിച്ച തുകയുടേയും സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടിയിരുന്ന ആദായ നികുതിയുടെയും (0.75%) വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ | മെറ്റീരിയൽ തുക | ഈടാക്കേണ്ട ആദായ നികുതി(.75%) | FTO നമ്പർ തിയ്യതി |
|---|---|---|---|---|---|
| 1 | നാരായണമംഗലം രാജീവ് ഗാന്ധി കോളനി റോഡ് ഡ്രൈനേജ് | എ.എം മുഹമ്മദ് . PWD CONTRACTOR | 1,81,533 | 1,361 | 898691/ 23.3.2021 |
| | | | 46,272 | 347 | 898702/ 23.3.2021 |
| ആകെ | | | 2,27,805 | 1,708 രൂപ | |

നികുതി ഈടാക്കാത്തതിന് കാരണങ്ങൾ വിശദമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നം.18/2020-21 തിയ്യതി 22.09.2021 ) സെക്രട്ടറി മറുപടി നൽകിയിട്ടില്ല. അതിനാൽ ആദായ നികുതിയിനത്തിൽ ഉണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കി നികത്തേണ്ടതാണ്.

## 1-38 അസിസ്റ്റന്റ് എഞ്ചിനീയർ- പ്രോജക്റ്റ് ഫയലുകൾ ലഭ്യമാക്കിയില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ ചില പ്രോജക്റ്റുകളുടെ ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | തുക | പ്രോജക്റ്റ് നം. / പേര് / ഫണ്ട് |
|---|---|---|
| 1 | 139074 | 226/20 കോട്ടെക്കാർ അംഗൻവാടി നവീകരണം (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| 2 | 181819 | 227/20 ആരിക്കാടി കുന്നിൽ പി.കെ.നഗർ ചുയിപ്പൻ കുണ്ട് റോഡ് കോൺക്രീറ്റ് (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| 3 | 321000 | 233/20 കൊപ്രബസാർ വലിയ നാങ്കിറോഡ് ഡ്രൈനേജ് ആന്റ് കവറിംഗ് സ്ലാബ്(മെയിന്റനൻസ്-റോഡ്) |
| 4 | 398442 | 234/20 റയ്യഹാൻ ക്വാർട്ടേർസ് റോഡ് |

| | | |
|---|---|---|
| | | കോൺക്രീറ്റ്(ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| 5 | 300000 | 235/20 മൈമൂൻനഗർ മഡ്കം റോഡ് കോൺക്രീറ്റ് (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| 6 | 57161 | 238/20 FWC കളത്തൂർ ഇംപ്രൂവ്മെന്റ് ആന്റ് കോമ്പൗണ്ട് വാൾ(തനത്, റോഡിതരം) |
| 7 | 21192 | 247/20 പേരാൽ ദീനടുക്കം ക്രോസ് റോഡ് കോൺക്രീറ്റ് (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| 8 | 31996 | 248/19-20ചളിയങ്കോട്ബദ്രിയ നഗർ ബാദുഷറോഡ് കോൺക്രീറ്റ് (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| 9 | 32067 | 249/20 ബദ്രിയ നഗർ ബടമ്പാടി റോഡ് കോൺക്രീറ്റ്(ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| 10 | 31961 | 250/20 കഞ്ചിക്കട്ട റാം നഗർ റോഡ് കോൺക്രീറ്റ്(ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| 11 | 17046 | 251/20 ബാഫഖി തങ്ങൾ സ്ട്രീറ്റ് ഫസ്റ്റ് റൈറ്റ് റോഡ് കോൺക്രീറ്റ് രണ്ടാം ഘട്ടം (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| 12 | 399475 | 252/20 ബന്നംകുളം അരമനകുണ്ട് ക്രോസ് റോഡ് കോൺക്രീറ്റ് (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| 13 | 41515 | 253/19-20 ആരിക്കാടി പാമ്പാട്ടി റോഡ് കോൺക്രീറ്റ്(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| 14 | 32067 | 254/20 കുറ്റ്യാളം മസ്ജിദ് റോഡ് കോൺക്രീറ്റ് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| 15 | 31985 | 255/20കോട്ടറോഡ് കോൺക്രീറ്റ് (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| 16 | 536124 | 262/20കുമ്പള കമ്യൂണിറ്റിഹാളിനുസമീപം ശൗചാലയം, സാനിറ്ററി കോമ്പ്ലക്സ് നിർമാണം (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| 17 | 289745 | 264/20 പുത്തിഗെ പള്ള ചുക്രി റോഡ് ടാറിംഗ് (തനത്ഫണ്ട്) |
| 18 | 629747 | 267/20 ബംബ്രാണ ജുമാമസ്ജിദ് അണ്ടിത്തടക്ക റോഡ് റീടാറിംഗ് (മെയിന്റനൻസ് ഗ്രാന്റ്-റോഡ്) |
| 19 | 318397 | 275/20ചർച്ച്-കൃഷ്ണാനഗർ റോഡ് റീടാറിംഗ് (മെയിന്റനൻസ് ഗ്രാന്റ്-റോഡ്) |
| 20 | 576332 | 279/20 കുണ്ടരട്ക GBLPS റോഡ് റീടാറിംഗ്(മെയിന്റനൻസ് ഗ്രാന്റ്-റോഡ്) |
| 21 | 287159 | 281/20 മുഹ്യദ്ദീൻ ക്രോസ് റോഡ് കോൺക്രീറ്റ്(ധനകാര്യകമ്മീഷൻ) |
| 22 | 77971 | 283/20 കോട്ടെക്കാർ കബീർ എസ് സി കോളനി കുടിവെള്ള പദ്ധതി (എസ് സി പി) |
| 23 | 1154733 | 303/20 കൊപ്രബസാർ വലിയനാങ്കി റോഡ് ബോക്സ് കൽവർട്ട് ( മെയിന്റനൻസ് ഗ്രാന്റ്-റോഡ്) |
| 24 | 248785 | 307/20 ശുചിത്വമിഷൻ പെർഫോമൻസ് ഇൻസന്റീവ് ഗ്രാന്റ് ഉപയോഗിച്ച് സ്കൂളുകൾക്ക് ടോയ്ലറ്റ് നിർമ്മാണം(സംസ്ഥാനാവിഷ്കൃതഫണ്ട്) |
| 25 | 330497 | 311/20 പള്ളത്തിമാർറോഡ് റീടാറിംഗ് (റോഡ്) |

| | | |
|---|---|---|
| 26 | 191518 | 314/20 ആരിക്കാടി പിഎച്ച്സിക്ക് ശൗചാലയം നിർമാണം (വികസനഫണ്ട്) |
| 27 | 290872 | 315/20 കൊപ്രബസാർ ലിങ്ക് റോഡ് കോൺക്രീറ്റ് (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| 28 | 299752 | 317/20കിദൂർകട്ട ശങ്കരകട്ട റോഡ് ടാറിംഗ് (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| 29 | 299288 | 318/20 ബന്നാതാം കടവ് ലിങ്ക് റോഡ് കോൺക്രീറ്റ് (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| 30 | 125000 | 319/20 മുളിയടക്ക ബല്ലമ്പാടി റോഡ് ടാറിംഗ് (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| 31 | 298719 | 320/20 ആരിക്കാടി ജനറൽ ജിബിഎൽപിഎസ് ഇംപ്രൂവ്മെന്റ് (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| 32 | 496608 | 321/20 കട്ട കോട്ടക്കാർ റോഡ് കോൺക്രീറ്റ് പേരിനമാത്രം (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| 33 | 198230 | 322/20 ചൂരിത്തടക്ക ഊജാർ റോഡ് കോൺക്രീറ്റ് (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| 34 | 473589 | 323/20 ടിവിഎസ് റോഡ് ഇംപ്രൂവ്മെന്റ് (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| 35 | 396459 | 325/20 കൊടിയമ്മസോഷ്യൽഫോറസ്റ്റി പെർവത്തടക്ക റോഡ് കോൺക്രീറ്റ് (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| 36 | 243616 | 328/20 ദണ്ഡഗോളി അംഗൻവാടി അറ്റകുറ്റപ്പണി (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം) |
| 37 | 298586 | 329/20 ബദ്രിയനഗർ അംഗൻവാടി അറ്റകുറ്റപ്പണി(മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം) |
| 38 | 238514 | 330/20 ബായിക്കട്ട അംഗൻവാടി നവീകരണം (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം) |
| 39 | 178848 | 347/20 ആരിക്കാടി കുന്നിൽ കുടിവെള്ളപദ്ധതി (തനത്ഫണ്ട്) |
| 40 | 98642 | 348/20 മൊഗ്രാൽ കടവത്ത് അംഗനവാടി ഇംപ്രൂവ്മെന്റ് (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം) |
| 41 | 297473 | 360/20 ശ്രീനഗരധൂമാവതിടെമ്പിൾ റോഡ് കോൺക്രീറ്റ് (തനതുഫണ്ട്) |
| 42 | 299287 | 362/20 റഹ്മത്ത്നഗർ ചളിയങ്കോട് റോഡ് കോൺക്രീറ്റ് (തനത് ഫണ്ട്) |
| 43 | 299388 | 364/20 ദ്വരക് നഗർ റോഡ് കോൺക്രീറ്റ് (തനത് ഫണ്ട്) |
| 44 | 299288 | 368/20 ശേഡിക്കാവ് റോഡ് കോൺക്രീറ്റ്(തനത് ഫണ്ട്) |
| 45 | 525046 | 374/20 വിഷ്ണുനഗർ റോഡ് കോൺക്രീറ്റ്(തനത് ഫണ്ട്) |
| 46 | 198181 | 376/20 പികെ നഗർ മൂലക്കണ്ടം ഫുട്പാത്ത്(തനത് ഫണ്ട്) |
| 47 | 297473 | 377/20 എൻഎച്ച് വളച്ചാൽ റോഡ് ഇംപ്രൂവ്മെന്റ്(തനത് ഫണ്ട്) |
| 48 | 198691 | 381/20 ആരിക്കാടി കടവത്ത് ഗ്രൗണ്ട് പുനരുദ്ധാരണം (തനത് ഫണ്ട്) |
| 49 | 398177 | 390/20 ബംബ്രാണ ജങ്ഷൻ ഇംപ്രൂവ്മെന്റ്(തനത് ഫണ്ട്) |

| | | |
|---|---|---|
| 50 | 180534 | 391/20 AE LSGD കമ്പള ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ(തനത് ഫണ്ട്) |
| 51 | 289836 | 392/20 കൊടിയമ്മ ലൈബ്രറികെട്ടിടം നവീകരണം (തനത് ഫണ്ട്) |
| 52 | 88417 | 397/20നാങ്കി അംഗൻവാടി കിണർ കുടിവെള്ളപദ്ധതി (തനത് ഫണ്ട്) |
| 53 | 289644 | 398/20 പികെ നഗർ ദിഡ്ഡ കുടിവെള്ള പദ്ധതി(തനത് ഫണ്ട്) |
| 54 | 459383 | 401/20 കൊടിയമ്മ ജങ്ഷൻ ഇംപ്രൂവ്മെന്റ്(തനത് ഫണ്ട്) |
| 55 | 412010 | 403/20 മൾട്ടി ജിം സെന്റർ കെട്ടിടം(തനത് ഫണ്ട്) |
| 56 | 149460 | 406/20 നാങ്കി അംഗൻവാടി ഇംപ്രൂവ്മെന്റ് (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം) |
| 57 | 97095 | 407/20 കക്കളം കുന്ന് മൊഹിയുദ്ദീൻ മസ്ജിദ് കുടിവെള്ള പദ്ധതിക്ക് പൈപ്പ്ലൈൻ(തനത് ഫണ്ട്) |
| 58 | 232397 | 418/20 ഉളവാർജുമാമസ്ജിദ് റോഡ് റീടാറിംഗ് (മെയിന്റനൻസ് ഗ്രാന്റ് -റോഡ്) |
| 59 | 90000 | 419/20 മിലാദ് നഗർ റോഡ് ഡ്രൈയ്നേജ് ആന്റ് കവറിംഗ് സ്ലാബ്(തനത് ഫണ്ട്) |
| 60 | 198867 | 422/20 ചെമ്മംകോട് ക്രോസ് റോഡ് പുനരുദ്ധാരണം (തനത് ഫണ്ട്) |
| 61 | 556806 | 423/20ബംബ്രാന ജങ്ഷൻ ദിദ്മ ശിഹാബ് തങ്ങൾ ക്രോസ് റോഡ് കോൺക്രീറ്റ്(തനത് ഫണ്ട്) |
| 62 | 474137 | 425/20 അനിൽ കുമ്പ്ലെ സിഎച്ച്സി റോഡ് കോൺക്രീറ്റിംഗ്(തനത് ഫണ്ട്) |
| 63 | 300000 | 427/20 ജിയുപിഎസ് കൊടിയമ്മ ഇംപ്രൂവ്മെന്റ് (മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം) |
| 64 | 1399494 | 435/20 കുടുംബശ്രീ മീറ്റിംഗ് ഹാൾ (വികസനഫണ്ട്-പൊതുവിഭാഗം) |
| 65 | 46396 | 465/20 നായ്ക്കാപ്പ് അംഗൻവാടി കുടിവെള്ള പദ്ധതി(ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ആകെ | 1,86,92,011 | |

രേഖകൾ ഹാജരാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് റിക്വിസിഷൻ നം. 3 /2020-21/ 18-09-2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത പ്രോജക്ടുകളുടെ ആകെ ചെലവ് തുകയായ ₹ 1,86,92,011/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 12(2) അനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണം ഉണ്ടെങ്കിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2020-21 | 16-09-2021 & 17-09-2021 | അനുബന്ധം 1 ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് &നം | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,00,000 | 0023/21 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 77,087 | 22,913 |
| | | 3,04,710 | 0042/21നെൽകൃഷിക്ക് വിത്തും കൂലി ചെലവും | 3,04,710 | |
| | | 2,55,000 | 0045/21 ജീവനി പച്ചക്കറി വികസനം | 2,55,000 | 0 |
| | | 30,00,000 | 0056/21 ലൈഫ് ഭവന പദ്ധതി ജനറൽ (ബംബ്രാണ സർക്കിൾ) | 5,20,000 | 24,80,000 |
| | | 2,00,000 | 59/21 സ്വാന്തന പരിപാലനം | 0 | 2,00,000 |
| | | 5,60,000 | 102/21 ലൈഫ് ഭവന പദ്ധതി (എസ്സി) | 5,60,000 | 0 |
| | | 9,74,100 | 138/21 മാനസിക ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളഷിപ്പ് വസ്ത്രത്തിന് ബത്ത | 4,50,362 | 5,23,738 |
| | | 1,00,000 | 232/21 പാലിയേടീവ് കെയർ | 99,992 | 8 |
| | | 1,00,000 | 243/21 ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 0 | 1,00,000 |
| | | 2,00,000 | 491/21 ഇടവിള കൃഷി | 2,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 10,00,000 | 16/21 ലൈഫ് മിഷൻ തുക വകയിരുത്തുന്നത് | 10,00,000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 2,,00,000 | 59/21സ്വാന്തന പരിചരണം | 99,966 | 1,00,034 |
| | | 100000 | 232/21 പാലിയേടീവ് കെയര് | 99998 | 2 |
| | | 5,95,000 | 240/21 സമഗ്ര നെൽകൃഷി വികസനം | 5,95,000 | 0 |
| | | 13,70,000 | 246/21 ലൈഫ് മിഷൻ തുക വകയിരുത്തുന്നത് | 13,70,000 | 0 |
| | | 125,000 | 485/21 തരിശ്ശ നെൽകൃഷി വികസനം | 1,25,000 | |

വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി മറ്റുസ്ഥാപനങ്ങളിൽ നിന്നും ലഭിച്ച വിനിയോഗിക്കുവാൻ അവശേഷിക്കുന്ന തുകകൾ എത്രയും വേഗം വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവഴിക്കുവാൻ സാധിക്കാത്ത പക്ഷം പ്രസ്തുത തുകകൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകേണ്ടതാണ്.

## 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ / ചെക്ക് നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ഉള്ളവാറിൽ സടിറ്റ് മെയിൻ ലൈൻ വലിക്കൽ | 22000934/ 03-02-2021 | 8,00,000 | 7,72,947 | 27,053 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

## 4-5 വായ്പ്പാ/വായ്പ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | ലഭിച്ച വായ്പ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC ലൈഫ് ഭവന പദ്ധതി | ജി.ഒ.(MS) നം 68/2018 തസ്വഭവ തീ 18-05-2018 & ജി.ഒ.(MS) നം.111/2018 തസ്വഭവ തീ 13-08-2018 | 62,37,035 | 1,46,65,882 (ഈ വർഷം ലഭിച്ചത് 44,19,921) ആകെ =1,90,85,803 | 47,01,136 | 1,43,84,667 |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| വർഷം | ഖണ്ഡിക നം. | വർഷം | ഖണ്ഡിക നം. | | |
| 1997-98 | 28 | 2001-02 | 14-1 | കുഴൽക്കിണർ-വിൽപ്പന നികുതി ഈടാക്കാത്തത് | നിയമസഭാ സമിതി പരിഗണനയിൽ |
| 1997-98 | 31 | 2001-02 | 14-2 | ആട്, പശു വിതരണം-അധിക സബ്സിഡി | നിയമസഭാ സമിതി പരിഗണനയിൽ |
| 2000-01 | 14 | 2007-08 | 3-66-3 | ഭവന നിർമാണ ബോർഡ് നിക്ഷേപം-വിനിയോഗ വിവരങ്ങൾ ഇല്ലാത്തത് | നിയമസഭാ സമിതി പരിഗണനയിൽ |
| 2013-14 (വിഷയാധിഷ്ഠിത അവലോകനം | - | 2013-14 | 5-2 | ത.സ്വ.ഭ.സ്ഥാപനങ്ങളും വിദ്യാഭ്യാസവും | തുടരുന്നു |
| 2015-16 | 2-1, 2-2 | 2016-17 | അധ്യായം -2 അനുബന്ധം-5 | തൊഴിൽ നികുതി | തുടരുന്നു |

## 4-9 ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല

ബി) സർചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 33,23,68,502 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 33,72,18,904 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,708 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,29,88,154 |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| | ഇല്ല. | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 2,75,457 | ഡോ.സുബ്ബ ഗട്ടി, മെഡിക്കൽ ഓഫീസർ അലോപ്പതി |
| 1-17 | 5,00,000 | മണിയമ്മ, ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-18 | 95,697 | മണിയമ്മ, ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-23 | 4,29,750 | ദിപീഷ് പി.ടി ,അസിസ്റ്റന്റ് സെക്രട്ടറി |
| 1-27 | 14,39,994 | |
| 1-28 | 2,98,104 | |
| 1-29 | 44,082 | പ്രവീൺ കുമാർ .പി,(അക്കൗണ്ടന്റ്), അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ് |
| 1-30 | 29,990 | ദിപീഷ് പി.ടി ,അസിസ്റ്റന്റ് സെക്രട്ടറി |
| 1-31 | 99,000 | |
| 1-32 | 2,31,528 | ദിപീഷ് പി.ടി ,അസിസ്റ്റന്റ് സെക്രട്ടറി |
| 1-33 | 7,72,947 | എൻ.എ.ജയരാജൻ ,സെക്രട്ടറി |
| 1-34 | 79,594 | പ്രദീപ് കുമാർ, ജൂനിയർ( സൂപ്രണ്ട് സെക്രട്ടറി-ഇൻ-ചാർജ്ജ് ) |
| 1-38 | 1,86,92,011 | ശരത് മോഹൻ, അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 2,29,88,154 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-37 | 1,708 | പ്രദീപ് കുമാർ, ജൂനിയർ സൂപ്രണ്ട് (സെക്രട്ടറി-ഇൻ-ചാർജ്ജ്) |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശരത് മോഹൻ, അസിസ്റ്റന്റ് എഞ്ചിനിയർ | ഇല്ല. | NFARA 79 വൈശാഖ് സംസ്കൃത കോളേജ് റോഡ് തൃപ്പൂണിത്തുറ |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1984-85 | LFC12/1423/90 Dated 10.07.1990 | 12 |
| 1985-86 | LFC12/232/92 Dated 07.03.1992 | 13 |
| 1986-87 | LFC12/1515/92 Dated, 07.12.1993 | 6 |
| 1987-88/ 88-89 | LFKSD1/131/94 Dated, 24.06.96 | 6 |
| 89-90, 90-91 | LFKSD5/354/99 Dated 08.12-99 | 2 |
| 96-97 | LFKSD6/826/04, Dated 10.07.2006 | 8 |
| 96-97(Expt) | KSA/KSD.6/660/2019(3) തി. 11.06.2019 | 03 |
| 97-98 (Do) | KSA/KSD.6/660/2019(4) തി. 11.06.2019 | 12 |
| 98-99 (Plan Fund) | KSA/KSD.6/660/2019(6) തി. 11.06.2019 | 6 |
| 99-00(Do) | KSA/KSD.6/660/2019(8) തി. 11.06.2019 | 1 |
| 00-01(Do) | LFKSD6/365/04/ Dated, 11.01.06 | 7 |
| 2001-02 (Do) | LFKSD6/359/04, Dated, 11.01.06 | 4 |
| 2000-01(Final) | LFKSD4/468/08, Dated, 16.9.2010 | 15 |

| | | |
|---|---|---|
| 1999-00(Do) | KSA/KSD.6/660/2019(9) തി. 11.06.2019 | 9 |
| 98-99(Do) | KSA/KSD.6/660/2019(7) തി. 11.06.2019 | 9 |
| 2001-02(Do) | LFKSD4/196/12 Dated, 13.8.2012 | 6 |
| 2002-03 | LFKSD4/986/08, Dated, 9.09.09 | 10 |
| 2003-04 | LFKSD4/222/09 Dated, 13.07.10 | 8 |
| 2004-05 | LFKSD4/229/09 Dated, 26.08.10 | 10 |
| 2005-06 | LFKSD4/230/09/Dated,27.08.10 | 15 |
| 2006-07 | LFKSD4/406/09 Dated, 27.09.10 | 18 |
| 2007-08 | LFKSD4/362/12 Dated, 12.9.2012 | 8 |
| 2008-09 | LFKSD4/294/13 Dated, 22.3.2013 | 19 |
| 2009-10& 2010-11 | LFKSD4/125/13 Dated, 27.07.13 | 22 |
| 2011-12 | LFKSD8/388/16, Dated, 20.4.2016 | 17 |
| 2012-13& 2013-14 | LFKSD8/ 28/15, Dated, 17.2.2016 (FR) | 19 |
| 2014-15 | KSA-KSD6/664/2015 Dated 07.10.2016 | 14 |
| 2015-16 | KSA-KSD6/33/2017dated 15.12.2017 | 16 |
| 2016-17 | KSA-KSD6/732/2017dt. 02.02.2018 | 24 |
| 2017-18 | KSA-KSD 6/1383/2018 Dt. 25.7.2019 | 16 |
| 2018-19 | KSA-KSD 6/1101/2019 Dt. 09-01-2020 | |
| 2019-20 | KSA-KSD 6/643/2021 | 48 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

3

ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് 2020-21

| | | | |
|---|---|---|---|
| Kumbla Grama Panchayat INCOME & EXPENDITURE STATEMENT | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 9834647.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1729034.00 |
| 140000000 | Fee & User Charges | I-4(b) | 1252635.00 |
| 150000000 | Sale & Hire Charges | I-5(b) | 1790582.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 289180521.00 |
| 171000000 | Interest Earned | I-8 | 471305.00 |
| 180000000 | Other Income | I-9 | 37.00 |
| | Total Income | | 304258761.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 11001765.00 |
| 220000000 | Administrative Expenses | I-11(b) | 2973243.00 |
| 230000000 | Operations & Maintenance | I-12(b) | 4781250.00 |
| 240000000 | Interest & Finance Charges | I-13 | 16018.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 9952420.00 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme- Service Sector | I-14(a) | 55758565.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | I-14(b) | 4860090.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | I-14(c) | 244326.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 200611100.00 |
| 255000000 | Maintenance Projects | I-14(e) | 13607865.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 292938.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| | Total Expenditure | | 304099580.00 |
| | Gross Surplus/ Deficit of income over Expenditure | | 159181.00 |
| 280000000 | Prior Period Item | I-18 | 1078509.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -919328.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

4

# റസീറ്റ് ആന്റ് പേമെന്റ് അക്കൗണ്ട് 2020-21

| | | | |
|---|---|---|---|
| Delampady Grama Panchayat RECEIPT & PAYMENT STATEMENT | | | |
| For the period from 01-April-2020 to 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 23194241.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 558400.00 |
| 130000000 | Rental income from Panchayat Properties | RP-3 | 1000.00 |
| 140000000 | Fees & User Charges | RP-4 | 368555.00 |
| 150000000 | Sale & Hire Charges | RP-5 | 28724.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 79703229.00 |
| 171000000 | Interest Earned | RP-9 | 230591.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 6687399.00 |
| 350000000 | Other Liabilities | RP-36 | 118229.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 402.00 |
| 330000000 | Secured Loans | RP-32 | 0.0 |
| 340000000 | Deposits Received | RP-34 | 562204.00 |
| 350000000 | Other Liabilities | RP-36 | 282968.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 1842846.00 |
| | Grand total | | 113578788.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2845779.00 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | RP-12 | 1077162.00 |
| 230000000 | Operations & Maintenance | RP-13 | 1530610.00 |
| 250000000 | Decentralised Plan Programme-Productive Sector | RP-15 | 7473013.00 |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 23187004.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 3529501.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | RP-18 | 2303582.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 347600.00 |
| 255000000 | Maintenance Projects | RP-20 | 14862526.00 |
| 280000000 | Prior Period item | RP-26 | 13620.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 498477.00 |
| 350000000 | Other Liabilities | RP-36 | 3789932.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 2085.00 |
| 340000000 | Deposits Received | RP-34 | 39408.00 |
| 350000000 | Other Liabilities | RP-36 | 1535731.00 |
| 410000000 | Fixed Assets | RP-38 | 15649237.00 |
| | | | |

| | | | |
|---|---|---|---|
| 412000000 | Capital work in Progress | RP-40 | 10603696.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 12802128.00 |
| 460000000 | Loans, Advances and Deposits | RP-47 | 1171637.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 10276627.00 |
| Cash | Cash | RP-40(b) | 39433.00 |
| | Grand Total | | 113578788.00 |

## 5

## 31.03.2021 ലെ ബാലൻസ് ഷീറ്റ്

| Kumbla Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 32145246.27 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 3972.00 |
| 312000000 | Reserves | B-3 | 53553026.00 |
| | Total Reserve & Surplus | | 85702244.27 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 17589253.00 |
| | Total Grants, Contributions for Specific Purposes | | 17589253.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 14384667.00 |
| | Total Loans | | 14384667.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 6882784.00 |
| 350000000 | Other Liabilities | B-9 | 5050003.37 |
| | Total Current Liabilities and Provisions | | 11932787.37 |
| | TOTAL LIABILITIES | | 129608951.64 |
| | ASSETS | | |
| | | | |

| | | | |
|---|---|---|---|
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 135850439.00 |
| 411000000 | Accumulated Depreciation | B-11 | -46485104.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 89365335.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 4415533.00 |
| 440000000 | Pre-paid Expenses | B-16 | 13774667.00 |
| 450000000 | Cash and Bank Balance | B-17 | 19966207.64 |
| | | | |